(2) 1985–ലെ കേരള അവശ്യസാധനനിയന്ത്രണ ബിൽ

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1985–ലെ കേരള അവശ്യസാധന നിയന്ത്രണ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, ഞാൻ അതിനെ പിന്താങ്ങുന്നു.

ശ്രീ. കെ. ശങ്കരനാരായണപിള്ള: സർ, ഞാൻ നോട്ടീസ് നൽകിയിട്ടുള്ള ഭേദഗതി അവതരിപ്പിക്കുകയാണ്. The Kerala essential Articles Control Bill, 1985 as reported by the Subject Committee be circulated for obtaining public opinion. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ഈ ബിൽ അനാവശ്യമായ ബില്ലാണെന്ന അഭിപ്രായമില്ല. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ അത്യാവശ്യമായ ഒരു ബില്ലാണ്. നമ്മുടെ വ്യാവസായിക വളർച്ചക്കാവശ്യമായ അസംസ്കൃത സാധനങ്ങളും പലതും മറ്റു സംസ്ഥാനത്തിലേക്ക് കടത്തിക്കൊണ്ടു പോകുന്ന സാഹചര്യവും അതുപോലെ ദുർല്ലഭമായ വസ്തുക്കളുടെ പൂഴ്ത്തിവയ്പും, കരിച്ചന്തയും ഒക്കെ നടത്തുന്ന സാഹചര്യത്തിൽ വ്യാവസായികാവശ്യങ്ങൾക്കുള്ള ഉൽപ്പന്നങ്ങൾ ന്യായമായി ഉപയോഗപ്പെടുത്താനും അതിന്റെ സഞ്ചാരം ക്രമപ്പെടുത്താനുമെല്ലാം ആവശ്യമായ നിയമമാണ്. അതിൽ ഒന്നു രണ്ടു കാര്യങ്ങൾ മാത്രമേ സൂചിപ്പിക്കാനാഗ്രഹിക്കുന്നുള്ളു. അതിവിടെ ക്ലോസ് ബൈ ക്ലോസ് അമൻഡ്മെന്റായി പല അംഗങ്ങളും കൊടുത്തിട്ടുള്ള കാര്യംതന്നെയാണ്. 1961–ലെ കേരള അവശ്യസാധന നിയന്ത്രണ, താൽക്കാലിക ബിൽ 1982–മാർച്ചിൽ അതിന്റെ കാലാവധി പൂർത്തിയായ അവസരത്തിൽ തുടർന്നും പ്രാബല്യം നൽകുന്നതിനുവേണ്ടിയാണ് ഈ ബിൽ വന്നിട്ടുള്ളത്. പക്ഷേ ഈ ബില്ലിന് ഒരു സമയപരിധിയില്ല. കാരണം ഇത് സാധാരണഗതിയിൽ ഗവൺമെന്റിനുള്ള അധികാരങ്ങൾക്കു പുറമേ നൽകുന്ന അധികാരമാണ്. ഒരു തരത്തിൽ വേണമെങ്കിൽ അമിതാധികാരമെന്നു പറയാം. തെറ്റാണ് എന്ന അർത്ഥത്തിലല്ല. ഇങ്ങനെ കൂടുതൽ അധികാരം നൽകുന്ന നിയമങ്ങൾക്ക് കൂടുതൽ ആയുസ്സും ശാശ്വതമായ സംവിധാനവും ഉണ്ടാക്കുന്നത് ഒരിക്കലും ഉചിതമല്ല. കാരണം ഈ നിയമം നാളെയൊരവസരത്തിൽ ഈ നിയമസഭ മാറിയ സാഹചര്യത്തിൽ ചർച്ച ചെയ്യാനുള്ള സാഹചര്യം ഉണ്ടാകാത്ത രീതിയിൽ കാലാകാലങ്ങളിൽവരുന്ന നിയമത്തിലൂടെ കൂടുതൽ കൂടുതൽ അധികാരങ്ങൾ നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായോ അല്ലെങ്കിൽ മറികടന്നോ ഗവൺമെന്റിലും എക്സിക്യൂട്ടീവിലും കേന്ദ്രീകരിക്കുന്നത് ഉചിതമല്ല. അതുകൊണ്ട് 1961–ലെ നിയമത്തിന് 1982 വരെ കാലാവധിയുണ്ടായിരുന്നതുപോലെ ഇതിൽ ഒരു സമയം, പത്തു കൊല്ലമോ 20 കൊല്ലമോ എന്നുള്ള ഏതെങ്കിലും ഒരു സമയപരിധി നിശ്ചയിക്കണമെന്നാണ് അതിനെക്കുറിച്ച് ഒരു കാര്യം പറയാനുള്ളത്. അതുപോലെ ഇതിലെ അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചും വളരെ വ്യക്തമല്ല. ഇതിലെ അധികാരമെന്നു പറയുന്നത് വളരെ വിപുലമായ അധികാരങ്ങളാണ്. ഇതിലെ രണ്ടാം വകുപ്പിൽ 'എ' മുതൽ 'കെ' വരെ പറയുന്ന വിപുലമായ കാര്യത്തെക്കുറിച്ച് നടപടി സ്വീകരിക്കുന്നതിന്, അതിന് പിഴ ശിക്ഷയും അതുപോലെ ജയിൽവാസവും വേണ്ടിവന്നാൽ കണ്ടുകെട്ടലും ഉൾപ്പെടെയുള്ള നടപടികൾക്ക് വിധേയമാ

LIBRARY ARCHIVES Kerala Legislative Assembly

കാവുന്ന വ്യവസ്ഥകളാണ്. ആ നടപടികൾക്കുള്ള അധികാരം കൈമാറിക്കൊടുക്കുമ്പോൾ വളരെ ഉത്തരവാദിത്വബോധമുള്ള ഒരാൾക്കുമാത്രമേ കൊടുക്കുവാൻ കഴിയുകയുള്ളു. അതുകൊണ്ട് നാലാം വകുപ്പിൽ പറയുന്ന രീതിയിലുള്ള അവ്യക്തത നിലനിൽക്കുന്നത് ഉചിതമല്ല. എന്റെ അഭിപ്രായം അത് കളക്ടർക്ക് നൽകണമെന്നുള്ളതാണ്. കാരണം ഏത് വകുപ്പിനെ സംബന്ധിച്ച് എടുത്താലും ജില്ലാ ഭരണത്തലവൻ എന്ന നിലയിൽ കളക്ടർ ഉന്നതനായ ഉദ്യോഗസ്ഥനാണ്. കളക്ടർക്ക് താഴെയ്ക്ക് ആ അധികാരം നൽകുന്നത് ഉചിതമല്ല. അതുകൊണ്ട് അത് കളക്ടർ എന്ന രീതിയിൽ വ്യക്തമായി എഴുതിച്ചേർക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശിക്ഷയെ സംബന്ധിച്ചിടത്തോളം ഇതിൽ തടവുശിക്ഷയും പിഴ ശിക്ഷയും പറയുന്നുണ്ട്. പക്ഷേ കണ്ടുകെട്ടുന്ന വ്യവസ്ഥയെ സംബന്ധിച്ചിടത്തോളം അത് കോടതിയിൽ ചെയ്യാവുന്ന ഒരു കാര്യമായി എഴുതിയിട്ടുണ്ട്. അത് എന്തു ഉദ്ദേശത്തിലാണെന്ന് എനിക്കറിയില്ല. എതിർക്കുകയല്ല. അതിന്റെ ശിക്ഷ എന്ന നിലയിൽ പിഴ, ജയിൽവാസം എന്നതിനോടൊപ്പം തന്നെ കണ്ടുകെട്ടൽ എഴുതി എന്നുള്ളതുകൊണ്ട് സ്വാഭാവികമായും അതിന്റെ മെറിറ്റിനെക്കുറിച്ച് കോടതി പരിഗണിക്കാനുള്ള അവകാശം ഇല്ലാതാകുന്നില്ല. അതുകൊണ്ട് അതിന്റെ അവ്യക്തത മാറ്റിക്കളയണം. കാരണം നമുക്കറിയാം തൊണ്ട്, കശുവണ്ടി തുടങ്ങിയ പല സാധനങ്ങളും കള്ളക്കടത്തു നടത്തുന്നുണ്ട്. അത് പിടിച്ച് അതിന്റെ പേരിൽ കേസ് ചാർജ് ചെയ്യുക എന്നുള്ളതിനേക്കാൾ അത് കൊണ്ടു പോകുന്ന ലോറിയോ മറ്റു വാഹനങ്ങളോ പിടിച്ചെടുക്കുമെന്ന ഒരു ഭീഷണിയാണ്, അല്ലെങ്കിൽ ആ നടപടിയാണ് പലപ്പോഴും തെറ്റായ കാര്യങ്ങൾ ചെയ്യുന്നതിൽനിന്ന് കുറ്റവാളികളെ പുറകോട്ടുവലിക്കുന്നത്. അതുകൊണ്ട് ആ ശിക്ഷയുടെ കൂട്ടത്തിൽ കണ്ടുകെട്ടിയാൽ ഉപയോഗിക്കുന്ന വസ്തുക്കൾ വാഹനമായിരുന്നാലും അത് ഫോർഫീറ് ചെയ്യുന്ന ഒരു വ്യവസ്ഥകൂടി വരുന്നത് നല്ലതാണെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

Shri. V. J. Thankappan: I move that the Kerala Essential Articles Control Bill, 1985 as reported by the Subject Committee be recommitted to the same Subject Committee.

കോൺഗ്രസ്സിലെതന്നെ അംഗങ്ങളായ ശ്രീ. കെ. കെ. തോമസ് ഉൾപ്പെടെയുള്ള പല അംഗങ്ങളും ഇതേ ആവശ്യംതന്നെ ഉന്നയിച്ചിട്ടുണ്ട്. അതുപോലെ കേരളാ കോൺഗ്രസ്സിലെ മെമ്പറൻമാരായ ശ്രീ. ടി. എസ്. ജോൺ ഉൾപ്പെടെയുള്ള ആളുകളും ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് തിരിച്ചയയ്ക്കണം, വീണ്ടും പരിഗണനക്ക്, എന്നു ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാന്യനായ മന്ത്രിയുടെ പാർട്ടിയിലുള്ള മിക്കവാറും എല്ലാ അംഗങ്ങളും ശ്രീമാൻ പി. എം. അബൂബക്കർ, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ, ശ്രീ. പി. കെ. കെ. ബാവ, ശ്രീ. കെ. പി. എ. മജീദ്, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഇങ്ങനെ തുടങ്ങി ഐക്യജനാധിപത്യ മുന്നണിയിലെ മിക്കവാറും എല്ലാ കക്ഷികളുടെ നേതാക്കൻമാരും.....

ശ്രീ. കെ. സി. ജോസഫ്: സബ്ജക്ട് കമ്മിറ്റിയിലെ അംഗമായിരുന്നോ അങ്ങ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. തങ്കപ്പൻ: ഞാൻ സബ്ജക്ട് കമ്മിറ്റിയിൽ പങ്കെടുത്തില്ല.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സബ്ജക്ട് കമ്മിറ്റിയിൽ ബഹുമാനപ്പെട്ട അംഗം മെമ്പറാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ: ഞാൻ ആ കമ്മിറ്റിയിൽ പങ്കെടുത്തില്ല. ഇങ്ങനെ ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിയിലുള്ളവരും അപ്പുറത്തെ കക്ഷികളിലെ എല്ലാ നേതാക്കൻമാരും ഈ ബിൽ വീണ്ടും പരിഗണനക്കു വേണ്ടി സബ്ജക്ട് കമ്മിറ്റിയിലേക്ക് തിരിച്ചയയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതുകൊണ്ട് ഞാൻ മൂവ് ചെയ്തിരിക്കുന്ന സബ്ജക്ട് കമ്മിറ്റിയിലേക്ക് തിരിച്ചയയ്ക്കണമെന്ന ഭേഗേതി ഏകകണ്ഠമായി അംഗീകരിക്കുകയും തിരിച്ചയയ്ക്കുകയും ചെയ്യുമെന്നാണ് എന്റെ വിശ്വാസം. ഇവിടെ വ്യാവസായികാവശ്യങ്ങൾക്കുള്ള സാധനങ്ങളുടെ വ്യാപാരം, വിപണനം, സംസ്കരണം ഇവയെല്ലാം നിയന്ത്രിക്കുന്നതിന് ഗവൺമെന്റിനു അധികാരം കൊടുക്കുന്നതാണ് ഈ ബിൽ, കൊള്ളാം. പക്ഷേ ഇവിടെ പ്രസക്തമായ മറെറാരു ചോദ്യമുണ്ട്. വ്യാവസായികാവശ്യങ്ങൾക്കു വേണ്ടി സാധനങ്ങൾ നൽകുമ്പോൾ ജനങ്ങൾക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ നൽകുന്നതിനോ അത് ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുന്നതിനോ ഈ ഗവൺമെന്റിനു കഴിഞ്ഞിട്ടില്ല. അതിന്റെ താരതമ്യപഠനം നടത്താനാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഇവിടെ ഇന്നു രാവിലെതന്നെ ശ്രീ. മൂസ്സക്കുട്ടി അവതരിപ്പിച്ച അടിയന്തിരപ്രമേയത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ സംസ്ഥാനത്തെ ബഹുജനങ്ങൾക്ക്, 50 ശതമാനം വരുന്ന ദാരിദ്ര്യരേഖ എന്നു പറയുന്ന ഏർപ്പാടിനുതാഴെയുള്ള ആളുകൾക്ക് നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് വിതരണം ചെയ്യാൻ ഈ ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ടോ? കഴിഞ്ഞ നാലര വർഷങ്ങളിലെ സ്ഥിതി എടുത്തു പരിശോധിക്കുമ്പോൾ ഇരട്ടിയും ഇരുപതു മുതൽ അൻപതു ശതമാനംവരേയും വിലവർദ്ധിക്കാത്ത എന്തെങ്കിലും സാധനമുണ്ടോ എന്ന് ഈ ഗവൺമെന്റിന്റെ വക്താക്കൾക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുമോ? മനുഷ്യന്റെ ജീവിത സൗകര്യങ്ങൾക്കുമാത്രം ഇന്നു വിലയില്ല. തൊണ്ട് എസ്സൻഷ്യൽ കമ്മോഡിറ്റിയാണ്, നമ്മുടെ രാജ്യത്ത്. അതുപോലെ വെള്ളംവരെ എസ്സൻഷ്യൽ കമ്മോഡിറ്റിയാണ്. പക്ഷേ മനുഷ്യനു ആവശ്യമുള്ള സാധനങ്ങൾ ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുന്നതിന് അത് എസ്സൻഷ്യൽ കമ്മോഡിറ്റിയാകുന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ഏറാവുമധികം വില വർദ്ധിപ്പിച്ചത് ഉപ്പിനാണ്. ഉപ്പു മുതൽ പഞ്ചസാര വരെയുള്ള എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും 20 ശതമാനം മുതൽ 50 ശതമാനംവരെ വില വർദ്ധിപ്പിച്ചതിന്റെ മുഴുവൻ ക്രെഡിറ്റും ഈ ഗവൺമെന്റിനാണ്. സാധനങ്ങൾക്ക് വില വർദ്ധിപ്പിച്ചു എന്നു പറയുമ്പോൾ ഇത് ഒരു ആഗോള പ്രതിഭാസമാണെന്ന് പറഞ്ഞാൽ അതിന് ഉത്തരമാകുമോ?

(അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ)

കർണ്ണാടകത്തിൽ ഒരു സാധനത്തിന് 2 പൈസ വില കൂട്ടി എന്നു പറഞ്ഞാൽ ഇവിടെ സാധനങ്ങൾക്ക് വില കൂട്ടുന്നതിനെ ന്യായീകരിക്കാൻ കഴിയുമോ? റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾക്കുപോലും ഈ ഗവൺമെന്റ് എത്രയോ തവണ വില വർദ്ധിപ്പിച്ചു. വില വർദ്ധിപ്പിക്കുമ്പോൾ എന്തെങ്കിലും ന്യായം പറയാൻ ഉണ്ടാകും. പയറു വർഗ്ഗങ്ങൾ, ഉള്ളി, ഉരുളക്കിഴങ്ങ് തുടങ്ങിയ സാധനങ്ങൾക്കെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

വില വർദ്ധിപ്പിച്ചത് ഈ ഗവൺമെന്റാണ്. ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. തച്ചടി പ്രഭാകരൻ ഫിനാൻസ് ബില്ലിന്റെ ചർച്ചാവേളയിൽ പ്രതിപക്ഷം വച്ച വിമർശനങ്ങൾക്ക് (അദ്ദേഹത്തിന്റെ പാർട്ടിക്കാർ പറഞ്ഞ മറുപടി, തൃപ്തികരല്ലാത്തതുകൊണ്ടാകാം) ഫിനാൻസ് ബില്ലിൽനിന്നും വഴുതിമാറിക്കൊണ്ടു ചില കാര്യങ്ങൾ പറഞ്ഞു. അദ്ദേഹം പറഞ്ഞു, നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾ ഐക്യ ജനാധിപത്യ മുന്നണിയെ വീണ്ടും അധികാരത്തിൽ കൊണ്ടുവരാൻവേണ്ടി കാത്തിരിക്കുകയാണെന്ന്. ഒരു തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച് കിട്ടിയാൽ ഉടനെ കോൺഗ്രസ്സിന്റെയും ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെയും കേരളാ കോൺഗ്രസ്സിന്റെയും ആളുകൾ ജനങ്ങളുടെ ഇടയിലേയ്ക്ക് പോകാൻ കാത്തിരിക്കുകയാണ്. അവരെ വീണ്ടും അധികാരത്തിലേയ്ക്ക് ഉയർത്തുമെന്നും ഐക്യ ജനാധിപത്യ മുന്നണിയെ കാത്തിരിക്കുന്നവരാണ് നമ്മുടെ സംസ്ഥാനത്തിലെ ജനങ്ങൾ എന്നുമാണ് അവരുടെ പ്രതീക്ഷ. നിത്യോപയോഗസാധനങ്ങൾക്ക് 50 ശതമാനത്തോളം വില നാലര വർഷംകൊണ്ട് വർദ്ധിപ്പിച്ച നിങ്ങളെ ഒരു പാഠം പഠിപ്പിക്കാൻ വേണ്ടി ജനങ്ങൾ കാത്തിരിക്കുന്നു. കോൺഗ്രസ്സ് ഗവൺമെന്റിന്റെ ഇറക്കുമതി നയത്തിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്ത് ഏറ്റവും മധികം സമ്പത്ത് നേടിത്തരുന്ന നാളികേരത്തിന്റെ വില 1/3 ആയി ചുരുക്കിയ കോൺഗ്രസ്സ് ഗവൺമെന്റിന്റെ നയത്തെക്കുറിച്ച്, അത് ജനങ്ങളിൽ ഉണ്ടാക്കിയ പ്രയാസങ്ങളും, ബുദ്ധിമുട്ടുകളും അനുഭവിക്കുന്ന ജനങ്ങൾ കോൺഗ്രസ്സിനെയും, കോൺഗ്രസ്സിന്റെ മുന്നണിയേയും കാത്തിരിക്കുന്നു നിങ്ങളോട് ഒന്നു ചോദിക്കാൻ.

ശ്രീ. പി. പി. തങ്കച്ചൻ: ഐക്യ ജനാധിപത്യ മുന്നണി ശ്രീ. കരുണാകരന്റെ നേതൃത്വത്തിൽ ഒരു തിരഞ്ഞെടുപ്പിനെ നേരിടാൻ തയ്യാറാണെന്ന് പല പ്രാവശ്യം പറഞ്ഞുകഴിഞ്ഞു. നിങ്ങൾ ഒരു തിരഞ്ഞെടുപ്പിന് തയ്യാറുണ്ടോ? ആരുടെ നേതൃത്വത്തിലുള്ള തിരഞ്ഞെടുപ്പിനാണ് തയ്യാറെന്ന് ഇടതുപക്ഷ മുന്നണിക്ക് പറയാമോ?

ശ്രീ. വി. ജെ. തങ്കപ്പൻ: അസംബ്ലി തെരഞ്ഞെടുപ്പിന് 2-3 മാസം ഉണ്ടല്ലോ? കഴിഞ്ഞ ഒന്നേമുക്കാൽ വർഷമായി നാളെ നടക്കും മറന്നാൽ നടക്കും എന്നു പറയുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്താൻ നിങ്ങൾക്ക് ധൈര്യമുണ്ടോ?

ശ്രീ. പി. പി. തങ്കച്ചൻ: ശ്രീ. കരുണാകരന്റെ നേതൃത്വത്തിൽ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ സംസ്ഥാനത്ത് ഒരു തെരഞ്ഞെടുപ്പിനെ നേരിടാൻ തയ്യാറാണെന്ന് ഞങ്ങൾ ആവർത്തിച്ചു പറഞ്ഞു. ആരുടെ നേതൃത്വത്തിലുള്ള ഒരു തെരഞ്ഞെടുപ്പിനെ നേരിടാനാണ് നിങ്ങൾ തയ്യാറെന്ന് ഒന്നു പറയാമോ?

ശ്രീ. വി. ജെ. തങ്കപ്പൻ: അതിന് ഒരു സംശയവും വേണ്ട. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ഒരു മുന്നണിയുണ്ട്. ആ പാർട്ടിയുടെ നേതൃത്വത്തിൽ ഞങ്ങൾ ഒരു തെരഞ്ഞെടുപ്പിനെ നേരിടും.

ശ്രീ. കെ. ശങ്കരനാരായണപിള്ള: അത് ബഹുമാനപ്പെട്ട തങ്കച്ചനുള്ള രാഷ്ട്രീയമായ പരിജ്ഞാനമില്ലായ്മയാണ്. വ്യക്തികളുടെ നേതൃത്വമല്ല പ്രസ്ഥാനത്തിന്റെ നേതൃത്വമാണ് മുന്നണിക്കുള്ളത്. തെര

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞെടുപ്പ് കഴിഞ്ഞിട്ടാണ് നേതാവിനെ എടുക്കുന്നത്. നേതാവിനെ എടുത്തിട്ടല്ല തെരഞ്ഞെടുപ്പ് നടത്തുന്നത്. നേതാവിനെ എടുത്തിട്ട് തെരഞ്ഞെടുപ്പ് നടത്തുന്നതു കോൺഗ്രസ്സ് (ഐ) യുടെ പാരമ്പര്യമാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ: ഞങ്ങളെ സംബന്ധിച്ച് സുമുഖനാണ്, യോഗ്യനാണ് എന്നൊന്നും പറഞ്ഞ് ഞങ്ങടെ വോട്ടു ചോദിക്കാറില്ല. ഇഞ്ചി കൃഷിക്കാരൻ അവന്റെ ഉൽപ്പന്നങ്ങടെക്ക് വിലയില്ലാതെ അവന്റെ നട്ടെല്ല് തകർന്നിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ ഇഞ്ചിക്കൃഷിക്കാർ ഐക്യ ജനാധിപത്യ മുന്നണിയുടെ നേതാക്കൻമാരെ നോക്കിയിരിക്കുകയാണ്.

ശ്രീ. വി. ദിനകരൻ: ശ്രീ. പി. പി. തങ്കച്ചൻ പറഞ്ഞു ശ്രീ. കരുണാകരന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഒരു തെരഞ്ഞെടുപ്പിനെ നേരിടാൻ തയ്യാറാണെന്ന്. അപ്പുറത്ത് ആരുടെ നേതൃത്വത്തിലുള്ള മുന്നണിയാണ് തെരഞ്ഞെടുപ്പിനെ നേരിടാൻ പോകുന്നത് എന്നു ചോദിച്ചപ്പോൾ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റു പാർട്ടി തെരഞ്ഞെടുപ്പിനെ നേരിടാൻ തയ്യാറാണെന്ന് പറഞ്ഞു.

ശ്രീ. വി. ജെ. തങ്കപ്പൻ: ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതാക്കൻമാർ മുന്നിൽ ഇരിപ്പുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നേതൃത്വത്തിൽ ഈ രാജ്യത്ത് നിങ്ങളെ തകർക്കും. സംശയമുണ്ടോ?

ശ്രീ. സി. കെ. തങ്കപ്പൻ: അയൽ സംസ്ഥാനമായ കർണ്ണാടകത്തിൽ കോൺഗ്രസ്സ് (ഐ) യുടെ നേതാവായിരുന്നു പ്രതിപക്ഷ നേതാവ്. കഴിഞ്ഞ 48 മണിക്കൂറിനു മുൻപ് അദ്ദേഹത്തിന്റെ സ്ഥാനം പോയത് അങ്ങ് അറിഞ്ഞിരിക്കുമല്ലോ?

ശ്രീ. വി. ജെ. തങ്കപ്പൻ: ശ്രീ. ഗുണ്ടുറാവുവിനെയൊക്കെ ഇതിനകത്ത് വിളിച്ചിടുന്നത് ക്ഷീണമാണെന്നാണ് എന്റെ വിശ്വാസം. ഇസ്പീഡ് ഏഴാം പന്തുകളെ ഇതുപോലുള്ള നിയമസഭയിൽ ചർച്ച ചെയ്യണമോ?

ശ്രീ. പി. പി. തങ്കച്ചൻ: നേമത്തു നടന്ന ഉപതെരഞ്ഞെടുപ്പിൽ ജാതിയുടെ പേരിലാണ് വോട്ടുപിടിച്ചത് എന്ന് അറിയാമോ? ജയിച്ചു വന്നത് മറന്നുപോയോ?

ശ്രീ. വി. ജെ. തങ്കപ്പൻ: ശ്രീ. പി. പി. തങ്കച്ചനും അതുപോലുള്ള ആളുകളും തെരഞ്ഞെടുപ്പിൽ നിന്നാൽ അത് കൃത്യമായി രാഷ്ട്രീയവും ശ്രീ. രാജീവ് ഗാന്ധി തെരഞ്ഞെടുപ്പിൽ നിന്നാൽ അതും കൃത്യമായി രാഷ്ട്രീയവും ഞങ്ങടെ ആരെങ്കിലും തെരഞ്ഞെടുപ്പിൽ നിന്നാൽ അത് മറ്റൊന്നുമാണ് എന്ന് കണ്ടിട്ട്,.....എന്തിനു തങ്കച്ചോ, അത് ആറന്മുളയിൽ കണ്ടതല്ലേ? നേമത്ത് കഴിഞ്ഞതിനുശേഷം ആറന്മുളയിൽ കണ്ടതല്ലേ? അന്ന് നിങ്ങടെ എവിടെ പോയിരുന്നു ഉമ്മയും പെരിങ്ങളവും കണ്ടതല്ലേ? എന്നിട്ടും ശ്രീ. തച്ചടി പ്രഭാകരൻ വെല്ലുവിളിക്കുന്നു, ഞങ്ങടെ വെല്ലുവിളിക്കുന്നില്ല. റാന്നി എവിടെപ്പോയി?

ശ്രീ. പി. പി. തങ്കച്ചൻ: മുഖ്യമന്ത്രിയെ എതിർക്കാൻ ഫക്കീർഖാനെ കണ്ടുപിടിച്ചപ്പോൾ രമേശൻ നായരെ എതിർക്കാൻ വേണ്ടി ആ സമുദായമാറ്റി, ജാതി നോക്കി വോട്ടുപിടിക്കാൻ വേണ്ടിയല്ലേ താങ്കളെ സ്ഥാനാർത്ഥിയാക്കിയത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. തങ്കപ്പൻ: മുഖ്യമന്ത്രിയെ എതിർക്കാൻ രാഷ്ട്രീയ പാരമ്പര്യമുള്ള ഒരന്തസ്സുള്ള നേതാവിനെ കൊണ്ടുവന്നു എന്നേയുള്ളൂ. വ്യവസായത്തിനുവേണ്ടി വ്യാവസായികോൽപ്പന്നങ്ങൾ നിയന്ത്രിക്കുന്നതിന്, അതിന്റെ അസംസ്കൃത സാധനങ്ങൾ നിയന്ത്രിക്കുന്നതിന് ബിൽ വരുന്നു. അവശ്യ സാധനങ്ങളുടെ, നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് ഈ ഗവൺമെന്റിന് കഴിയുന്നില്ലാ എന്ന് ഞാൻ പറയുകയാണ്. നമ്മുടെ സംസ്ഥാനത്തെ കൈത്തറി മേഖലയിൽ പണി എടുക്കുന്ന ലക്ഷക്കണക്കിന് ആളുകൾ ഈ ഗവൺമെന്റിന്റെ നേതാക്കൻമാർ വരുന്നത് നോക്കിയിരിക്കുന്നു. കൈത്തറി മേഖലയിൽ പണി എടുക്കുന്ന ആളുകൾക്ക് ജോലി ചെയ്താൽ മിനിമം കൂലി കിട്ടാത്തതുകൊണ്ട് മറ്റു തൊഴിലുകളിലേക്ക് പോകുന്നു. കൈത്തറി മേഖലയാകെ തകർന്നുതരിപ്പണമായിരിക്കുന്നു. അതുകൊണ്ട് കൈത്തറി മേഖലയിൽ പണി എടുക്കുന്ന ആളുകൾ ഐക്യജനാധിപത്യമുന്നണി എന്നു പറയുന്ന ഏടാകൂടം വരട്ടെ എന്ന് നോക്കിയിരിക്കുകയാണ്. അതുപോലെ തന്നെ കയർ മേഖലയിൽ പണി എടുക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളും ഒരു അവസരത്തിനു വേണ്ടി നോക്കിയിരിക്കുന്നു.

കശുവണ്ടിത്തൊഴിലാളികളുടെ പ്രശ്നത്തെക്കുറിച്ച് സഖാവ് ആർ. എസ്. ഉണ്ണിയെപ്പോലുള്ള നേതാക്കൻമാർ പലപ്പോഴും ഈ നിയമസഭയിൽ ചർച്ച ചെയ്തിട്ടുണ്ട്. അർദ്ധപട്ടിണിക്കാരും മുഴുപട്ടിണിക്കാരുമായി ഒരു വർഷത്തിൽ 100–നു താഴെ 70–75 ദിവസം മാത്രം ജോലി ലഭിക്കുന്ന കശുവണ്ടിത്തൊഴിലാളികൾ ഐക്യജനാധിപത്യ മുന്നണി നേതാക്കൻമാർ വരുന്നതിനുവേണ്ടി നോക്കിയിരിക്കുകയാണ്. ഈ ആളുകളെ പൂമാലയിട്ട് സ്വീകരിക്കുന്നതിനല്ല ചൂലെടുത്തു പെരുമാറുന്നതിനു വേണ്ടി നോക്കിയിരിക്കുകയാണ്. മന്ത്രിമാർക്ക് ഇന്ന് അധികാരം കയ്യിലുള്ളതുകൊണ്ട് അവരുടെ ചുറ്റും കുറെ കാര്യം സാധിപ്പുകാരും ആരാധനാ വൃത്തങ്ങളും ഇപ്പോഴുണ്ട്. ഈ അധികാരമെല്ലാം പോയിക്കഴിഞ്ഞാലും ഈ ആളുകൾ അവരുടെ കൂടെ നിൽക്കുമെന്നും തേരിലേറി നടത്തുമെന്നുമാണ് ശ്രീമാൻ തച്ചടി ഉൾപ്പെടെ അപ്പുറത്തുള്ള ആളുകളുടെ വിശ്വാസം.

നമ്മുടെ നാട്ടിൽ കപ്പക്കൃഷിക്കാരുണ്ട്. അവർ കൃഷി ചെയ്താൽ അവരുടെ ഉൽപ്പന്നത്തിന് വില കിട്ടുകയില്ല. അതിന് താങ്ങുവില നിശ്ചയിക്കുമെന്ന് മുഖ്യമന്ത്രിയും മറ്റാളുകളുമൊക്കെ പറഞ്ഞു. പക്ഷേ ഇതുവരെ താങ്ങുവില നിശ്ചയിച്ചിട്ടില്ല.

വ്യവസായവകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): ഈ ബിൽ സബ് ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തതിനെ സംബന്ധിച്ച് ഞാൻ റൂൾ 80–ലേയ്ക്ക് സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.

The debate on a motion that the Bill as reported by the Select Committee or the Subject Committee as the case may be, be taken into consideration shall be confined to consideration of the report of the Committee and the matters referred to in that report or any alternative suggestions consistant with the principle of the Bill.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മെമ്പർ ഇതിൽ നിറുത്തണമെന്നാണ് എന്റെ അഭിപ്രായം. പ്രത്യേകിച്ച് ബഹുമാനപ്പെട്ട മെമ്പർ സബ്ജക്ട് കമ്മിറ്റിയിലെ മെമ്പറായിരുന്നു. സബ്ജക്ട് കമ്മിറ്റിയിൽ പോലും പറയാത്തതും റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതുമായ പ്രശ്നങ്ങൾ ഇവിടെ പ്രതിപാദിക്കുന്നത് ന്യായീകരിക്കാൻ പറ്റുന്നതല്ല.

ശ്രീ. വി. ജെ. തങ്കപ്പൻ: അതാണ് ഞാൻ ഇത് വീണ്ടും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് പറയുന്നത്. ഇതിന്റെ സബ്ജക്ട് കമ്മിറ്റിയുടെ സ്പ്രിറ്റ് ശരിയായില്ല. അതുകൊണ്ടാണ് വീണ്ടും സബ്ജക്ട് കമ്മിറ്റിക്കയയ്ക്കണമെന്ന് പറയുന്നത്.

ശ്രീ. ഇ. അഹമ്മദ്: ഈ സഭയുടെ ചരിത്രത്തിലാദ്യമായിട്ടാണ് ഒരു സബ്ജക്ട് കമ്മിറ്റി മെമ്പർ ആ യോഗത്തിനു വരാതെ ആ റിപ്പോർട്ട് വീണ്ടും സബ്ജക്ട് കമ്മിറ്റിക്കയയ്ക്കണമെന്നു പറയുന്നത്.

ശ്രീ. വി. ജെ. തങ്കപ്പൻ: അവിടെയാണ് എനിക്ക് അഭിപ്രായവ്യത്യാസമുള്ളത്. ഇന്നലെ രണ്ടേമുക്കാൽ, മൂന്നു മണിവരെ ഈ സഭയിലെ ചർച്ചയിൽ പങ്കെടുത്തതിനുശേഷം ഒന്നു ഊണുകഴിക്കാൻപോലും സൗകര്യമുണ്ടാക്കാതെ മൂന്നരമണിക്ക് സബ്ജക്ട് കമ്മിറ്റി കൂടിയാൽ ആരെങ്കിലും പങ്കെടുക്കുമോ? സബ്ജക്ട് കമ്മിറ്റി കൂടുന്നതിന് യാതൊരു സൗകര്യവും നൽകാതെ മനഃപൂർവ്വം പ്രതിപക്ഷത്തുനിന്നും ആരും പങ്കെടുക്കരുതെന്ന ഗൂഢമായ ദുരുദ്ദേശത്തോടുകൂടി സബ്ജക്ട് കമ്മിറ്റി വിളിച്ചുകൂട്ടി പാസ്സാക്കിക്കൊണ്ടുവന്നതാണ് ഈ ബിൽ.

ശ്രീ. ഇ. അഹമ്മദ്: അത് അന്ന് ബഹുമാനപ്പെട്ട സ്പീക്കർക്ക് എഴുതിക്കൊടുക്കാമായിരുന്നു.

ശ്രീ. വി. ജെ. തങ്കപ്പൻ: അതൊക്കെ വെറും സാങ്കേതികമായ കാരണങ്ങളല്ലേ. വെറും സാങ്കേതികമായി ബഹുമാനപ്പെട്ട മന്ത്രി ഇങ്ങനെ പറയാമോ? എഴുതിക്കൊടുക്കാൻ മന്ത്രിയുടെ ഉപദേശമൊന്നും വേണ്ട. വ്യവസായത്തിനാവശ്യമുള്ള അസംസ്കൃതസാധനങ്ങൾ നിയന്ത്രിക്കുന്നതിനുള്ളതാണ് ഈ ബിൽ. വ്യവസായത്തെക്കാൾ കൂടുതൽ പ്രാധാന്യമുള്ള മനുഷ്യൻ ദൈനംദിനം ഉപയോഗിക്കുന്ന ഉപ്പ് മുതൽ പഞ്ചസാരവരെയുള്ള സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനോ അത് ന്യായമായ വിലയ്ക്ക് ജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനോ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നുവെന്നുള്ളതാണ് സത്യം. നിയമം ഉണ്ടാക്കിവച്ചാൽ മതിയോ സർ? ഇവിടെ മാവേലിസ്റ്റോറുകൾ എന്ന ഒരേർപ്പാട് ഉണ്ട് എന്നാണ് പറയുന്നത്. മാവേലിസ്റ്റോറുകളിൽ കൂടി ഇഷ്ടംപോലെ അരിയും, പഞ്ചസാരയും മറ്റ് പലവ്യഞ്ജനങ്ങളും ഉള്ളിയും ഉരുളക്കിഴങ്ങുമെല്ലാം വിതരണം ചെയ്തുവെന്നാണ് ഈ നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. അവിടെപ്പോയാൽ ഓപ്പൺ മാർക്കറ്റിൽ കൊടുക്കുന്നതിനേക്കാൾ കൂടുതൽ വില പല സാധനങ്ങൾക്കും കൊടുക്കേണ്ടിവരും. നാളികേരത്തിന് വില കൂടുന്നതിനുവേണ്ടി ഒരു മാർഗ്ഗം കണ്ടുപിടിച്ചിരുന്നു. പാമോലിൻ മാറിയിട്ട് വെളിച്ചെണ്ണ റേഷൻകടകൾ വഴി വിതരണം ചെയ്യുകയെന്നുള്ളതായിരുന്നു അത്. ഗവൺമെന്റ് തന്നെ അതിന്റെ കണക്കുകൾ പറയുന്നുണ്ട്. 97 ലക്ഷം രൂപ നഷ്ടം വരുത്തിക്കൊണ്ടാണ് ഗവൺമെന്റ് ആ പദ്ധതി നടപ്പിലാക്കിയതെന്ന് പറഞ്ഞു. അവസാനം അത് ഉപേക്ഷിച്ചു. നാളികേരത്തിന് മുമ്പുള്ളതിനേക്കാൾ വില കുറഞ്ഞിരിക്കുന്നു. അതിനൊന്ന് താങ്ങുവില നിശ്ചയിക്കുന്നതിനോ വില കൂട്ടുന്നതിനോ ഒന്നും ഈ ഗവൺമെന്റ് തയ്യാറാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. സുരേന്ദ്രൻപിള്ള: നാളികേരത്തിനും വെളിച്ചെണ്ണയ്ക്കുമൊക്കെയുള്ള വിലക്കുറവിനെക്കുറിച്ചാണല്ലോ ഇപ്പോഴും വളരെ വാചാലമായി പ്രസംഗിക്കുന്നത്. ഇന്ന് രാവിലെ സഭ്മേളനം നടന്നുകൊണ്ടിരുന്നപ്പോഴും പ്രതിപക്ഷകക്ഷികളൊന്നടങ്കം ഒരു വാക്കൗട്ട് നടത്തിയത് വെളിച്ചെണ്ണ, നാളികേരം തുടങ്ങിയ അത്യാവശ്യ സാധനങ്ങളുടെ അമിതമായ വിലവർദ്ധനവിൽ പ്രതിഷേധിച്ചുകൊണ്ടായിരുന്നുവെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർ മറന്നുപോയോ?

ശ്രീ. വി. ജെ. തങ്കപ്പൻ: എന്റെ സ്നേഹിതൻ ശ്രീ. സുരേന്ദ്രൻപിള്ള ഈ കാര്യങ്ങളൊക്കെ പഠിച്ചുവരുന്നതേയുള്ളൂ. കൃഷിക്കാരുടെ കാർഷികോൽപ്പന്നങ്ങൾക്ക് താങ്ങുവില നിശ്ചയിച്ച് ന്യായമായ വില കൊടുത്ത് എടുത്ത് ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് കൊടുക്കുന്നതാണ് ഒരു ഗവൺമെന്റിന്റെ ചുമതല. അല്ലാതെ വെളിച്ചെണ്ണയുടെ വില കൂട്ടിവിറ്റ് നാളികേരത്തിന്റെ വില കൂട്ടുകയെന്നുള്ളതല്ല. നാളികേരത്തിന് 200 രൂപയെങ്കിലും താങ്ങുവില നിശ്ചയിച്ച് നാളികേര കർഷകനെ രക്ഷപ്പെടുത്തുകയും കൺസ്യൂമേഴ്സിന് വെളിച്ചെണ്ണ ന്യായമായ വിലയ്ക്ക് കൊടുക്കുകയും ചെയ്യുന്നതാണ് ഒരു ഗവൺമെന്റിന്റെ കടമ. സോപ്പുകമ്പനിക്കാരുടെയും ഗോദ്റേജുകാരുടെയും ഹിന്ദുസ്ഥാൻ ലിവറിന്റേയും ടാറ്റായുടെയും മുതലാളിമാരെ രക്ഷിക്കുന്നതിനുവേണ്ടി ഫിലിപ്പൈൻസിൽ നിന്നും മറ്റ് രാജ്യങ്ങളിൽനിന്നും ഇഷ്ടംപോലെ വെളിച്ചെണ്ണയും കൊപ്രയും നാളികേരവും ഇറക്കുമതിചെയ്യാൻ അനുവാദം കൊടുത്തതിനുശേഷം ഈ ഗവൺമെന്റിന് എന്തു താങ്ങുവിലയാണ് നിശ്ചയിക്കുവാൻ കഴിയുക? വെളിച്ചെണ്ണ കയറ്റുമതി ചെയ്യുന്നതിന് മാർക്കറ്റ് കണ്ടുപിടിക്കണമെന്ന് ഇവിടെ കേരള കോൺഗ്രസ്സിലെ ഒരു സ്നേഹിതൻ പറയുകയുണ്ടായി. കുറഞ്ഞ വിലയ്ക്ക് ഫിലിപ്പൈൻസിൽനിന്നും വെളിച്ചെണ്ണ ഇങ്ങോട്ടു തരാൻ തയ്യാറാകുമ്പോൾ എവിടെയാണ് സർ മാർക്കറ്റ് കണ്ടുപിടിക്കുവാൻ കഴിയുക? അങ്ങനെ കുത്തകവ്യവസായികളെ രക്ഷിക്കുന്നതിനുവേണ്ടി നമ്മുടെ സംസ്ഥാനത്തെ നാളികേര കൃഷിക്കാർ തുകരണമെന്നാണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. കഴിഞ്ഞ ഒരു വർഷമായി ഈ കാര്യം ഈ നിയമസഭയിൽ ചർച്ച ചെയ്യുകയാണ്. നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി വികാരാതീതനായി (കരഞ്ഞില്ലെന്നുമാത്രമേയുള്ളൂ) നാളികേരക്കൃഷിക്കാർക്കുവേണ്ടി ഇവിടെ പലതും പറഞ്ഞു. എന്നിട്ട് എന്തായി സർ? ഇന്നുവരെ നാളികേരത്തിന്റെ വില കുത്തനെയിടിയുന്നതല്ലാതെ നാളികേരത്തിന് വില കൂടിയിട്ടില്ല. ആ നാളികേര കർഷകർ ശ്രീമാൻ തച്ചടിയെയും കരുണനിയെയും ഒന്നു കാണാൻവേണ്ടി നോക്കിയിരിക്കുകയാണ്.

അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തിലെ വ്യാവസായിക മേഖലയെടുത്തു പരിശോധിച്ചു നോക്കുക. വ്യവസായസമാധാനം നിലനിൽക്കുന്ന ഒരു സംസ്ഥാനമാണിതെന്നാണ് നമ്മുടെ ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രിയും തൊഴിൽവകുപ്പുമന്ത്രിയുമൊക്കെ പറയുന്നത്. ശ്മശാനത്തിലെ മൂകതയാണ് ഇന്ന് വ്യാവസായികമേഖലയിൽ. ഇവിടെ നാലു വർഷമായി വ്യവസായസമാധാനം നില നിൽക്കുന്നുണ്ടോ? ഏതെങ്കിലുമൊരു വ്യവസായി നമ്മുടെ സംസ്ഥാനത്ത് വന്നുവോ? അപ്പോൾ വ്യവസായസമാധാനം നിലനിൽക്കുന്നതുകൊണ്ടുമാത്രം ഒരു വ്യവസായി നമ്മുടെ സംസ്ഥാനത്തിൽ വരുകയില്ല. വ്യാവസായികമായി നമ്മുടെ സംസ്ഥാനത്തെ വളർത്തിയെടുക്കാതെ നമുക്ക് രക്ഷയുണ്ടോ? രക്ഷയില്ല.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളെനോക്കി ഈ രാജ്യത്ത് മറ്റൊരു വിഭാഗമിരിക്കുന്നുണ്ട്. തൊഴിലില്ലാത്ത ചെറുപ്പക്കാർ. തൊഴിലില്ലാത്ത യുവതീയുവാക്കൻമാർക്ക് ഇടതുപക്ഷജനാധിപത്യമുന്നണി യാതൊരു ഉപാധികളുമില്ലാത്ത തൊഴിലില്ലായ്മ വേതനം കൊടുത്തിരുന്നു.

ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എസ്. എസ്. എൽ. സി. പാസ്സാകണമെന്നതുംപ്പെടെയുള്ള ഉപാധികളും നിശ്ചയിച്ചതിൻറെ ഫലമായി തൊഴിലില്ലായ്മ വേതനം കിട്ടുന്നതിന് അർഹതയുള്ള എത്രയോ ആളുകൾക്ക് അത് കിട്ടാതായിരിക്കുന്നു. തൊഴിലില്ലായ്മാ വേതനം ലഭിക്കുന്നതിന് അർഹതയുള്ള യുവതീയുവാക്കൻമാർ ശ്രീ. തച്ചടിയേയും കമ്പനിയേയും പൂമാലയിട്ട് സ്വീകരിക്കാൻ നോക്കിയിരിക്കുന്നു. അതുപോലെതന്നെ കർഷകത്തൊഴിലാളി പെൻഷൻ കൊടുത്തുകൊണ്ടിരുന്നു. അർഹതയുള്ള മുഴുവൻ കർഷകത്തൊഴിലാളികൾക്കും പെൻഷൻ കൊടുത്തിരുന്നു. ഈ ഗവൺമെൻറ് വന്നതിനുശേഷം വില്ലേജാഫീസറെക്കൊണ്ട് പരിശോധിപ്പിച്ച് അവരുടെ സർട്ടിഫിക്കറ് വാങ്ങിയതിനുശേഷം മാത്രമേ കൊടുക്കാൻ കഴിയൂ എന്ന നിബന്ധനവച്ചതിൻറെ ഫലമായി അർഹതയുള്ള ആളുകൾക്ക് കർഷകത്തൊഴിലാളി പെൻഷൻ കിട്ടുന്നില്ല. രണ്ടുലക്ഷത്തിൽ കൂടുതൽ അപേക്ഷകൾ പരിശോധിക്കാനും തീരുമാനം എടുക്കാനും കഴിയാതെ കെട്ടിക്കിടക്കുന്നു. കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കുന്നുവെന്നു പറയുന്നതല്ലാതെ യഥാർത്ഥത്തിൽ കൊടുക്കുന്നില്ല. അതു ലഭിക്കാൻ അർഹതയുള്ളതും, ലഭിക്കാതിരിക്കുന്നവരുമായ ലക്ഷക്കണക്കിന് മണ്ണിൽ പണിയെടുക്കുന്ന പാവപ്പെട്ടവർ ഈ കമ്പനിയെ കാണാൻ കാത്തിരിക്കുന്നു.

ശ്രീ. വി. ദിനകരൻ: ശ്രീ. നായനാർ ഗവൺമെൻറിൻറെ കാലത്ത് രണ്ടുലക്ഷത്തിപതിനേഴായിരം പേർക്കാണ് കർഷകത്തൊഴിലാളി പെൻഷൻ കൊടുത്തിരുന്നതെങ്കിൽ ഈ ഗവൺമെൻറിൻറെ കാലത്ത് രണ്ടുലക്ഷത്തി എൺപതിനായിരം പേർക്ക് കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കുന്നുവെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. വി. ജെ. തങ്കപ്പൻ: അതു ശരിയാണ്. 4 വർഷമായി രണ്ടുലക്ഷത്തി എൺപതിനായിരം പേർക്ക് ഈപെൻഷൻ കൊടുത്തത് ശരിയാണ്. സ്വഭാവം നായനാരുടെ കാലത്ത് ഒരു വർഷംകൊണ്ടാണ് അത്രയും കൊടുത്തത്. അതാണ് വ്യത്യാസം, സ്വഭാവം നായനാരുടെ കാലത്ത് ഒരു വർഷം കൊണ്ട് രണ്ടുലക്ഷത്തി ചിലചാനം പേർക്ക് കൊടുത്തുവെങ്കിൽ ഇപ്പോഴത്തെ ഗവൺമെൻറ് 4 വർഷംകൊണ്ട് അത്രയും പേർക്ക് കൊടുത്തു. ഞാൻ പറഞ്ഞതും എൻറെ സുഹൃത്ത് ശ്രീ ദിനകരൻ പറഞ്ഞതും സംഗതി ഒന്നുതന്നെ. നമ്മൾ രണ്ടുപേരും അക്കാര്യത്തിൽ യോജിക്കുന്നു. അർഹതയുള്ളവർക്ക് കൊടുത്തില്ല. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നപ്പോൾ തൊഴിലില്ലാത്തവരുടെ കണക്ക് 19 ലക്ഷമായിരുന്നു. വ്യവസായവിപ്ലവവും തൊഴിൽസമാധാനവുമുള്ളതുകൊണ്ട് കൂടുതൽ വ്യവസായങ്ങൾ തുടങ്ങുമെന്ന് എൻറെ ബഹുമാന്യനായ സുഹൃത്ത് വ്യവസായമന്ത്രിയുടെ ഭാഷയിൽ പറഞ്ഞാൽ, ഈ വ്യവസായ അന്തരീക്ഷത്തിൽ ഏകദേശം പത്തുപതു വ്യവസായങ്ങൾ തുടങ്ങിക്കഴിഞ്ഞതിനുശേഷം പരിശോധിച്ചാൽ തൊഴിലില്ലാത്തവരുടെ എണ്ണം 26 ലക്ഷമായിരിക്കുന്നു. അങ്ങനെ 26 ലക്ഷം തൊഴിലില്ലാത്തവരും കാത്തിരിക്കുന്നു ഈ കറക്കുകമ്പനിയെകാണ്മാൻ. നിങ്ങൾക്ക് ഒരു ധാരണയുണ്ട്, അവസാനം പളളിയിലെ അച്ചൻമാരെയും ഡീക്കൻമാരെയും മൗലവിമാരെയും പ്രമാണി

LIBRARY ARCHIVES Kerala Legislative Assembly

മാരെയും എല്ലാം ഇറക്കി ജാതിയും മതവും പറഞ്ഞ് വോട്ട് നേടിക്കളയാമെന്ന്. നമ്മുടെ സംസ്ഥാനത്ത് ഇനി അതു നടക്കാൻ പോകുന്നില്ല. ജാതി മത വർഗ്ഗീയ ഭ്രാന്ത് ഇളക്കിവിട്ടുകഴിഞ്ഞാൽ, വർഗ്ഗീയ പ്രാദേശിക വികാരം ഇളക്കിവിട്ടുകഴിഞ്ഞാൽ, നേടിക്കളയാമെന്നാണ് ശ്രീമാൻ തച്ചടിയുടെയും കൂട്ടുകാരുടേയും കണക്കുകൂട്ടൽ. ചരിത്രത്തിലാദ്യമായി അത് തെറ്റാൻ പോകുകയാണ്. ജനാധിപത്യ സ്ഥാപനങ്ങളോട് യാതൊരു ബഹുമാനവുമില്ലാത്ത ഒരു ഗവൺമെന്റ് ആണിത്. ഈ ഗവൺമെന്റ് നാളികേരകർഷകരെ രക്ഷിക്കുന്നതിനുവേണ്ടി ഒരു താങ്ങുവില നിശ്ചയിച്ച്; പണം ചെലവാക്കുന്നതിനു പകരം, നമ്മുടെ സംസ്ഥാനത്തുള്ള മറ്റ് കൃഷിക്കാരെ രക്ഷിക്കാൻ വേണ്ടി പണം ചെലവാക്കുന്നതിനു പകരം, ഇവിടെ അവർ ചെയ്യുന്നത് ജോലി ചെയ്യാത്ത കുറെ ആളുകൾക്ക് ശമ്പളം കൊടുക്കുന്നു. ഏകദേശം 7,000 ആളുകൾക്കാണ് പ്രോട്ടക്റേഡ് ടീച്ചേഴ്സെന്നു പറഞ്ഞ് ശമ്പളം കൊടുക്കുന്നത്. യാതൊരു തത്വദീക്ഷയുമില്ലാതെ ഇഷ്ടമുള്ളവർക്ക്, ചോദിച്ചവർക്കെല്ലാം, കാശ് കൊടുത്തവർക്കെല്ലാം സ്കൂളുകൾ അനുവദിച്ചതിന്റെ ഫലമായി യാതൊരു വിവേചനവുമില്ലാതെ, കള്ളുഷാപ്പും ചായഷാപ്പും അനുവദിക്കുന്നതുപോലെ അൺ എയിഡഡ് സ്കൂളുകൾ അനുവദിച്ചതിന്റെ ഫലമായി ഏഴായിരത്തോളം ആളുകൾക്ക് ജോലിയില്ലാതായിരിക്കുന്നു. അവർക്ക് സർക്കാർ ശമ്പളം കൊടുക്കുന്നുണ്ട്. അതുപോലെതന്നെ പ്രീഡിഗ്രിബോർഡ് എന്ന ഒരു ഏർപ്പാട് തട്ടിപ്പടച്ചുണ്ടാക്കി കോടികൾ ഒതുക്കാൻ വേണ്ടി ശ്രമിക്കുന്നു. എന്നിട്ട് ഈ ഗവൺമെന്റ് നമ്മുടെ സംസ്ഥാനത്തെ കർഷകരെ സഹായിക്കാൻ യാതൊന്നും ചെയ്യുന്നില്ല. അതുപോലെ പരമ്പരാഗത വ്യവസായങ്ങളിലേർപ്പെട്ടിരിക്കുന്ന ലക്ഷക്കണക്കിന് ആളുകളെ സംരക്ഷിക്കാൻ യാതൊന്നും ചെയ്യുന്നില്ല. എന്നിട്ടാണ് വരാൻ പോകുന്ന തിരഞ്ഞെടുപ്പിൽ ശ്രീമാൻ തച്ചടിയും മറ്റും നേരിടാൻ പോകുന്ന സംഗതിയെക്കുറിച്ച് വീരവാദം മുഴക്കുന്നത്. ഭരണപക്ഷത്തുള്ളവർക്ക് സംസാരിക്കാൻ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്ന് പറയാൻ അവർക്ക് കഴിയില്ല. അവർ എഴുതി കൊടുത്തുവെങ്കിലും സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്ന് അവർക്ക് പറയാൻ കഴിയുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഈ സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ റിപ്പോർട്ടനുസരിച്ച് അഞ്ചര മണിക്ക് ഈ ബില്ല് തീരേണ്ടതാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെ തീർക്കണമെങ്കിൽ സ്പീക്കർ ഓരോരുത്തരുടേയും സമയം തീരുമാനിക്കണമായിരുന്നു. ഞങ്ങൾ ഒരു പാടുപേർ ഭേദഗതി കൊടുത്തിട്ടുണ്ട്. അങ്ങനെ തീർക്കണമെന്ന് എഴുതിയാൽ സ്പീക്കർ സ്പീക്കറുടെ അധികാരങ്ങൾ ഉപയോഗിക്കണമായിരുന്നു. അങ്ങനെ ഉപയോഗിച്ചില്ല. ഞങ്ങളുടെ ഭേദഗതികളെക്കുറിച്ച് ഞങ്ങൾക്ക് സംസാരിക്കണം. ഭേദഗതികൾ കൊടുത്തിട്ടുണ്ട്.

ശ്രീ. ടി. എം. ജേക്കബ്: സർ, കാര്യോപദേശക സമിതിയുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു—1986 ജൂലായ് 29-ന് വൈകുന്നേരം 4 മണിമുതൽ അഞ്ചരമണിവരെ "സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1985-ലെ അവശ്യസാധന നിയന്ത്രണ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന് പ്രമേയവും അനന്തരഘട്ടങ്ങളും" വ്യക്തമായിട്ട് പറഞ്ഞിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, കാര്യോപദേശകസമിതിയുടെ തീരുമാനങ്ങളും അംഗീകരിക്കേണ്ടതാണ്. അങ്ങനെയാണെങ്കിൽ ഇന്നലെ 8 മണിക്ക് ചർച്ച ക്ലോസ് ചെയ്യണമായിരുന്നു. അതല്ലെങ്കിൽ ഇന്ന് ഏതെങ്കിലുമൊരു സമയമെടുത്ത് ചർച്ച ചെയ്യുന്നമായിരുന്നു. അന്തസ്സില്ലാത്ത കാര്യമാണ് ഇന്നലെ കാണിച്ചത്. അര മണിക്കൂറല്ല ഒരു മണിക്കൂർ ഇരുന്നാലും തീരുന്നതല്ല ചർച്ചകളും. പ്രതിപക്ഷം ഇറങ്ങിപ്പോകട്ടെ. അവർ പോയാലും തകരാറില്ല. ഞങ്ങളും പാസ്സാക്കി എടുത്തോളാമെന്നുള്ളതായിരുന്നില്ലെ ഭരണകക്ഷിയുടെ ഉള്ളിലിരിപ്പ്. പ്രതിപക്ഷം പോയാലും നിങ്ങളും പാസ്സാക്കി എടുക്കും. ഇപ്പോൾ നിങ്ങൾക്ക് ബുദ്ധി വന്നിട്ടുണ്ടെങ്കിൽ നല്ലതാണ്. ശ്രീ. ജേക്കബ് ബൊന്നും ബേജാറാകണ്ട കാര്യമില്ല. സർ, ഞാൻ പറഞ്ഞുവന്നത് വ്യാവസായിക ആവശ്യങ്ങൾക്കുവേണ്ടിയുള്ള, അവശ്യസാധനങ്ങളുടെ നിയന്ത്രണമേർപ്പെടുത്തുന്നതിനുള്ള ബില്ലിന്റെ തത്വത്തോട് യോജിച്ചുകൊണ്ട് ആവശ്യമായിട്ടുള്ള മാറ്റങ്ങളും വരുത്തുന്നതിന് സബ്ജക്ട് കമ്മിറ്റിക്ക് റി—കമ്മിറ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഞാൻ ഈ ബില്ലിന്റെ പൊതു തത്വത്തോട് പൂർണ്ണമായും യോജിക്കുകയാണ്. ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഇനിയും പബ്ലിക് ഒപ്പിനിയൻ സ്വീകരിക്കേണ്ടതു് ആവശ്യമാണെന്ന് ഞാൻ കരുതുകയാണ്. എനിക്ക് ഇപ്പോൾ രാഷ്ട്രീയ കാര്യത്തെക്കുറിച്ച് ഒന്നും പറയാനില്ല. അത് അടുത്ത ദിവസം സൗകര്യപോലെ പറയാം. ഈ ബില്ലിന്റെ പൊതു തത്വത്തെ സംബന്ധിച്ചാണ് പ്രധാനമായും സംസാരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നത്. ഞാൻ ഈ ബില്ലിൽ ചില ഭേദഗതികളും വരുത്താൻ ഉദ്ദേശിക്കുന്നതു് പ്രധാനമായും മൂന്ന് നാലു കാര്യങ്ങളിലാണ്. ഒന്നാമതായി, അവശ്യ സാധനങ്ങൾ സംഭരിച്ചുകൊടുക്കലും അതിന്റെ വിതരണവും സംബന്ധിച്ചാണ്. അതായത് മൂന്നാം വകുപ്പ്. അതിൽ വരുത്തേണ്ട ചില പൊതു തത്വങ്ങളെക്കുറിച്ച് പറയാം. രണ്ടാമതായി അത്യാവശ്യസാധനങ്ങളുടെ വില നിർണ്ണയിക്കുന്നതിന് എടുക്കേണ്ട നടപടികളും സംബന്ധിച്ചാണ്. നാലാമത്തെ കാര്യം ഡലിഗേഷൻ ഓഫ് പവ്വേഴ്സാണ്. അധികാരം ഏൽപ്പിച്ചുകൊടുക്കൽ എന്നുള്ള കാര്യത്തിൽ ചില മുൻകരുതൽ ആവശ്യമാണ്. അഞ്ചാമതായി ഏർപ്പെടുത്തിയിരിക്കുന്നത് പെനാലിറ്റി അല്ലെങ്കിൽ ശിക്ഷാനിയമത്തിന്റെ പൊതു തത്വത്തിലും ചില മാറ്റങ്ങളും വരുത്തേണ്ടതുണ്ട്. ഇതിനെല്ലാം പുറമെ വരുന്നത് തെളിവിന്റെ ഭാരം. അതു സംബന്ധിച്ചും ചില പൊതു തത്വത്തിലും മാറ്റങ്ങളും ആവിഷ്കരിച്ച് ഈ ബില്ലിൽ ക്രമപ്പെടുത്തണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ഇത്രയും കാര്യങ്ങളാണ് എന്റെ പ്രസംഗത്തിൽ മുഖ്യമായും ഉന്നയിക്കാൻ ഞാൻ ഉദ്ദേശിക്കുന്നത്.

ഒന്നാമത്, അവശ്യസാധനങ്ങളെന്നു പറഞ്ഞാൽ 1955—ലെ സെൻട്രൽ ആക്ട് അനുസരിച്ച് കുറെ സാധനങ്ങളെ എസൻഷ്യൽ ആർട്ടിക്കിൾസായി പ്രഖ്യാപിച്ചിട്ടുണ്ട്. അങ്ങനെ പ്രഖ്യാപിച്ചിട്ടുള്ള സാധനങ്ങൾക്കു പുറമെ കേരള സംസ്ഥാനത്തിൽ അത്യാവശ്യമായി പ്രഖ്യാപിക്കപ്പെടേണ്ട ചില സാധനങ്ങളുണ്ടാകും. ഉദാഹരണത്തിന് കയർ, തൊണ്ട് തുടങ്ങിയ സാധനങ്ങളും. തൊണ്ട് തുടങ്ങിയ സാധനങ്ങളും അത്യാവശ്യസാധനങ്ങളായി പ്രഖ്യാപിക്കുന്നതിന് കേരളാ ഗവൺമെന്റിനു് അധികാരം നൽകുന്നത് ഈ ബില്ലാണ്. കാരണം, സെൻട്രൽ ആക്ടിലെ അത്യാവശ്യ

LIBRARY ARCHIVES Kerala Legislative Assembly

സാധനങ്ങളായി പ്രഖ്യാപിക്കപ്പെടാത്തതും കേരള സംസ്ഥാനത്തിന്റെ പൊതു ആൽപ്പര്യങ്ങൾ മുൻനിറുത്തി അതിന്റെ വിതരണവും ഉൽപ്പാദനവും മൊക്കെ ക്രമപ്പെടുത്തേണ്ടതു് ആവശ്യമാണെന്നു് തോന്നുന്നതിനാൽ അങ്ങനെയുള്ള ചില സാധനങ്ങൾ അത്യാവശ്യ സാധനങ്ങളായി പ്രഖ്യാപിക്കുന്നതിനു് ഈ ഗവൺമെന്റിനു് അധികാരം നൽകുന്നതുമാണു്. ഒറ്റ വാക്കിൽ പറഞ്ഞാൽ ഈ ബില്ലിന്റെ ഉദ്ദേശ ലക്ഷ്യം. സർ, അതനുസരിച്ചു് മൂന്നാം വകുപ്പിലാണു് സാധനങ്ങൾ എങ്ങനെ സംഭരിക്കണം, എങ്ങനെ വിതരണം ചെയ്യണമെന്നതിനെ സംബന്ധിച്ചു് വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ളതു്. സർ, ഇവിടെ ഒരു കാര്യം പ്രധാനമായും പറയാനുള്ളതു് ഇതിന്റെ മൂന്നാം ഉപ വകുപ്പിൽ വില നിശ്ചയിക്കുന്ന കാര്യത്തിലാണു്. അത്യാവശ്യ സാധനങ്ങൾ പല കച്ചവടക്കാരും പല കാരണങ്ങളാലും പൂഴ്ത്തിവയ്ക്കാനിടയുണ്ടു്. അങ്ങനെ പൂഴ്ത്തി വച്ചിരിക്കുന്ന സാധനങ്ങൾ എടുത്തു് സാധാരണ ആളുകൾക്കു് ഉപയോഗപ്രദമാകത്തക്കവിധത്തിൽ, ന്യായമായ വിധത്തിൽ വിതരണം ചെയ്യാനാണു് ഈ നിയമം കൊണ്ടു് ഉദ്ദേശിക്കുന്നതു്. അതുകൊണ്ടാണു് ഞാൻ ഈ നിയമത്തെ സ്വാഗതം ചെയ്യുന്നതു്. അങ്ങനെ സാധനങ്ങൾ എടുക്കുമ്പോൾ അതിനുള്ള വില നിശ്ചയിക്കുന്ന അവസരത്തിൽ ഇതിൽ പറഞ്ഞിരിക്കുന്ന പരസ്പര സമ്മതപ്രകാരമുള്ള വിലയാണു് നിർണ്ണയിക്കേണ്ടതു്. നിയന്ത്രിതസാധനമാണെങ്കിൽ അതിനു് കൺട്രോൾഡ് പ്രൈസ് ഉണ്ടാകണം. നിയമമുണ്ടാകും, നിയന്ത്രിതവിലയുണ്ടാകും. ആ നിയന്ത്രിത വിലയെ സംബന്ധിച്ചിടത്തോളം പിന്നെ യാരു കൂടി ആലോചന, ബൈലാറ്ററൽ ഡിസ്കഷന്റെയും, ബൈലാറ്ററൽ എഗ്രിമെന്റിന്റെയും ആവശ്യമെന്താണു് എന്നു്എനിക്കു് മനസ്സിലാകുന്നില്ല. ഈ നിയമത്തിൽ അങ്ങനെയൊരു വ്യവസ്ഥ കാണുന്നു. അതിനു ബന്ധപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിനുശേഷം ഞാൻ എന്റെ അഭിപ്രായത്തിൽ മാറ്റം വരുത്താനും തയ്യാറാണു്.

സർ, ഈ നിയമപ്രകാരം നിജപ്പെടുത്തിയിട്ടുള്ള വില—നിയന്ത്രിത വില—ഏതെങ്കിലും ഉണ്ടെങ്കിൽ അതിനോടു് അനുയോജ്യമായിട്ടുള്ള പരസ്പര സമ്മതപ്രകാരം തീരുമാനിക്കാൻ കഴിയുന്ന പക്ഷം, അപ്രകാരം സമ്മതിച്ച വിലയെന്നു് വ്യവസ്ഥചെയ്തിരിക്കുമ്പോൾ ഇതാരാണു് സമ്മതിക്കേണ്ടതു്? ഈ നിയമപ്രകാരം ഇതിനു് അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നിശ്ചയിക്കുന്ന വില എന്നതു് തീർച്ചയായിട്ടും ഇതു് ദുരുപയോഗപ്പെടുത്തും എന്ന കാര്യത്തിൽ സംശയം വേണ്ട. പരസ്പരം കൂടിയാലോചനയില്ല. നിർണ്ണയിക്കുന്ന വില പൊതുതാൽപ്പര്യത്തിനു് അനുയോജ്യമായിരിക്കുകയില്ല. കച്ചവടക്കാർക്കു് അതിനു് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻമാരെ സ്വാധീനം ചെയ്യാൻ കഴിയുമെങ്കിൽ സ്വാഭാവികമായും ഈ വില അയാൾക്കു് അനുകൂലമായി നിശ്ചയപ്പെടുത്താൻ കഴിയുന്ന തരത്തിലാണു് ഈ നിയമനിർമ്മാണം എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണു്. അതുകൊണ്ടു് വില നിർണ്ണയത്തെ സംബന്ധിച്ചിടത്തോളം കൂടുതൽ പരിരക്ഷകൾ ആവശ്യമാണു്. അടുത്ത വകുപ്പിൽ 'ഡെലിഗേഷൻ ഓഫ് പവ്വേഴ്സ്' പറഞ്ഞിട്ടുണ്ടു്. സാധാരണഗതിയിൽ താഴേക്കിടയിൽ അല്ലെങ്കിൽ ഏതെങ്കിലും ഒരുദ്യോഗസ്ഥനെയാണു് ഈ വില നിശ്ചയിക്കുന്ന കാര്യത്തിൽ അധികാരപ്പെടുത്തിയിരിക്കുന്നതെങ്കിൽ തീർച്ചയായും തമ്മിൽ യോജിപ്പുണ്ടായാൽ മതി, ധാരണയുണ്ടായാൽ മതി, എന്തിനുവേണ്ടിയാണോ ഈ നിയമനിർമ്മാണം നമ്മൾ നടത്തുന്നതു് അതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ പരാജയപ്പെടുത്തുന്ന ഒരു അനുഭവം ആയിരിക്കും ഉണ്ടാകുക. അതുകൊണ്ടു് വില നിശ്ചയിക്കുന്ന കാര്യത്തിൽ പരിരക്ഷ ആവശ്യമാണു്.

LIBRARY ARCHIVES Kerala Legislative Assembly

ആ പരിരക്ഷ ഈ നിയമത്തിൽ ഇല്ല എന്നുള്ള ഒരു പ്രിൻസിപ്പിളാണ് എനിക്ക് ആദ്യമായി ചൂണ്ടിക്കാണിക്കുവാനുള്ളത്. വില നിർണ്ണയത്തിന്റെ കാര്യത്തിൽ ചില മാറ്റങ്ങൾ വരുത്തണം. മാത്രമല്ല ഈ നിയമപ്രകാരം നിർണ്ണയിക്കപ്പെടുന്ന സ്ഥിതിക്ക് വിലയുണ്ടായിരിക്കുമല്ലോ. അങ്ങനെ ഒരു വില നിർണ്ണയിക്കപ്പെട്ട് അത് ഗസറ്റിൽ നോട്ടിഫൈ ചെയ്തു കഴിഞ്ഞാൽ പിന്നെ ഫർതറായിട്ട് അതിനെക്കുറിച്ച് കൂടിയാലോചന നടത്തേണ്ട ആവശ്യമുണ്ടോ? എന്തിനാണ് ആ കൂടിയാലോചന. അങ്ങനെയൊരു ഡിസ്ക്രിഷൻ ഉദ്യോഗസ്ഥൻമാർക്ക് വിട്ടുകൊടുത്താൽ ഈ നിയമപ്രകാരം നമ്മൾ ഉദ്ദേശിക്കുന്ന കാര്യം നടപ്പിലാകുമെന്ന് മന്ത്രി കരുതുന്നുണ്ടോ? അതാണ് എന്റെ ചോദ്യം. അതുകൊണ്ട് നമ്മൾ ഒരു വില നേരത്തെ പ്രഖ്യാപിച്ചാൽ ആ വിലയിൽ പിന്നെ ഒരു ഫർതർ നെഗോഷിയേഷനുള്ള സാദ്ധ്യതകളോ അല്ലെങ്കിൽ അതിനുള്ള അനുവാദമോ ഉണ്ടാകാൻ പാടില്ലായെന്നുള്ള ഖണ്ഡിതമായ അഭിപ്രായമാണ് എനിക്ക് ഇക്കാര്യത്തിൽ ഉള്ളത്.

മറ്റൊരു സംഗതി, ഇതിൽ പറയുന്നത്, വിൽപ്പന ദിവസം ആ പ്രദേശത്ത് നിലവിലുള്ള കമ്പോളവില അനുസരിച്ച് കണക്കാക്കിയ വില എന്നാണ്. ഞാൻ ചോദിക്കട്ടെ എന്തിനാണ് ഈ കമ്പോളവിലയ്ക്ക് പോകുന്നത്? നമ്മൾ ഒരു സാധനം എസ്സൻഷ്യൽ സാധനമായിട്ട് പ്രഖ്യാപിച്ചാൽ—ഈ നിയമപ്രകാരം സെൻട്രൽ ആക്ടിൽ പരിഗണിക്കപ്പെടാത്തത്—കേരളത്തിന്റെ തനതാവശ്യത്തിനുവേണ്ടി അത്യാവശ്യസാധനമായി പ്രഖ്യാപിക്കപ്പെടുന്ന സ്ഥിതിക്ക് നേരത്തെ തന്നെ കൺട്രോൾ പ്രൈസ് നിശ്ചയിച്ചുകഴിഞ്ഞാൽ പിന്നെ കമ്പോള വിലയുടെ അന്വേഷണത്തിന്റെ ആവശ്യം ഉണ്ടായെന്ന കാര്യം മന്ത്രി പരിഗണിക്കണം. കമ്പോളവില എന്തിനാണ്? ഇങ്ങനെയുള്ള പഴുതുകൾ തുറന്നിട്ടുകൊടുത്താൽ ഈ നിയമത്തിന്റെ ദുരുപയോഗം ആയിരിക്കും അനുഭവം. പാഴൂർപടിക്കൽവരെ പോയി പ്രവചനം നടത്തേണ്ട കാര്യമില്ല. അതുകൊണ്ട് കമ്പോളവില എന്നുള്ളത് ഒഴിവാക്കണം. എല്ലാ സാധനങ്ങൾക്കും ഈ നിയമപ്രകാരം നിർണ്ണയിക്കപ്പെടുന്ന വിലയെക്കുറിച്ച് ഒരു ആലോചനയുടെ പ്രശ്നമില്ല. കമ്പോളവില അന്വേഷിക്കേണ്ട കാര്യമില്ല. പൊതുതാൽപ്പര്യത്തെ മുൻനിറുത്തിയാണ് നിയമനിർമ്മാണം നടത്തുന്നത് എന്നാണല്ലോ നമ്മുടെ ഇപ്പോഴത്തെ വിശ്വാസം. ആ നിലയ്ക്ക് ഈ പഴുതുകൾ അടയ്ക്കണം. അത് അടയ്ക്കാൻ സാധിച്ചില്ലെങ്കിൽ റൂൾസ് അനുസരിച്ച് പവ്വേഴ്സ് ഡെലിഗേറ്റ് ചെയ്യുമ്പോൾ തീർച്ചയായിട്ടും ഇതിനാവശ്യമായ പരിരക്ഷ ബഹുമാനപ്പെട്ട മന്ത്രി കുറിച്ചിടണം. പരിരക്ഷയ്ക്ക് അനുയോജ്യമായിട്ടുള്ള റൂൾസ് പ്രെയിം ചെയ്യണം. അങ്ങനെ ഇതിന്റെ ദുരുപയോഗം തടയാൻ ആവശ്യമായ പരിരക്ഷ ഉണ്ടാക്കണമെന്നാണ് ആദ്യത്തെ പ്രിൻസിപ്പിളിനെ സംബന്ധിച്ച് പൊതുവായി പറയാനുള്ളത്.

രണ്ടാമത് ശിക്ഷയെ സംബന്ധിച്ചാണ്. ഈ നിയമമാകെ പരിശോധിക്കുമ്പോൾ ഇംപ്രിസൺമെന്റ് കമ്പൽസറിയാണ്. കുറിഞ്ചന്തയാണല്ലോ നടത്തുന്നത്. പൂഴ്ത്തിവയ്പ് തടയാനാണ് ഈ നിയമം. കുറിഞ്ചന്തക്കാർക്കും പൂഴ്ത്തിവയ്പ്പുകാർക്കും എതിരായി കൊണ്ടുവന്നിരിക്കുന്ന ഈ നിയമം അവരുടെ കയ്യിൽ പെട്ടുപോകരുതല്ലോ. ഈ നിയമത്തിൽ ശിക്ഷ മൂന്നുകൊല്ലമാണ് കൊടുത്തിരിക്കുന്നത്. അത് കമ്പൽസറി പണിഷ്മെന്റ് ആയിരിക്കണം. പാവപ്പെട്ടയാളുകൾ ചില കുറ്റങ്ങൾ ചെയ്യും. അവർക്കുള്ള ശിക്ഷയെ സംബന്ധിച്ചിടത്തോളം റെഫർമേറ്ററി

LIBRARY ARCHIVES Kerala Legislative Assembly

വായിട്ടുള്ള സമീപനം ആവശ്യമാണ്. അതാണ് ഇന്നത്തെ മോഡേൺ തിയറി ഓഫ് പണിഷ്മെൻറ്. എന്നാൽ സാമൂഹ്യ ദ്രോഹം ചെയ്യുന്ന കുറ്റങ്ങളും ചെയ്യുന്ന കരിഞ്ചന്തയും പൂഴ്ത്തിവയ്പും നടത്തുന്ന ആളുകളെ സംബന്ധിച്ചിടത്തോളം ഇങ്ങനെയൊരു സാമൂഹ്യ പരിഷ്കരണ ചിന്താഗതി ഉണ്ടാകേണ്ട ആവശ്യമില്ല. അതുകൊണ്ട് മൂന്നുകൊല്ലം ശിക്ഷ എന്നത് സമ്മതിക്കുന്നു. പിഴശിക്ഷ മാത്രം നൽകുന്നത് നീതി പൂർവ്വകം ആയിരിക്കുമെന്ന് കോടതിക്ക് അഭിപ്രായമുള്ള പക്ഷം അതിനുള്ള കാരണങ്ങളും രേഖപ്പെടുത്തിക്കൊണ്ട് തടവുശിക്ഷ ചുമത്താതിരിക്കാം. ഞാൻ ഒരു അഭിഭാഷകൻ കൂടിയാണ്. ഈ വകുപ്പ് ഈ നിയമത്തിൽ ഇരുന്നാൽ കേരളത്തിൽ തടവുശിക്ഷ ആയിരിക്കുകയില്ല സംഭവിക്കുന്നത്, പിഴശിക്ഷ മാത്രമായിരിക്കും. മജിസ്ട്രേറ്റിനെ സംബന്ധിച്ചിടത്തോളം തടവുശിക്ഷ കൊടുക്കാതിരിക്കാനുള്ള കാരണങ്ങളും കണ്ടുപിടിക്കാൻ വളരെ എളുപ്പമാണ്. ഒരു വാചകത്തിൽ കാരണം എഴുതി ഭയങ്കര പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും നടത്തുന്ന മഹാവീരൻമാർക്ക് സുഖമായി ഈ വകുപ്പ് അനുസരിച്ച് കോടതിയിൽ ഒരു വക്കീലിനെ പിടിച്ച് നാലു വാചകം പറഞ്ഞാൽ അയാളെ കണിശമായും രക്ഷപ്പെടും. അതുകൊണ്ട് ഈ രാജ്യത്ത് പൂഴ്ത്തിവയ്പ്പുകാർക്കെതിരായി ശിക്ഷണ നടപടികളെടുക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ട് എങ്കിൽ ഈ നിയമം അപ്പടി മാറണം എന്നു പറയുന്നില്ല—പക്ഷേ അതിന് ഒരു ഉപവകുപ്പുകൂടി ചേർക്കണം. ഫസ്റ്റ് ഒഫൻഡർ എന്നുള്ള നിലയിൽ ആദ്യത്തെ മൂന്നു കൊല്ലം പിഴശിക്ഷ മതി, തടവുശിക്ഷ വേണ്ടെന്നുവയ്ക്കാം. എന്നാൽ സെക്കൻഡ് ഒഫൻഡറായി വന്നുകഴിഞ്ഞാൽ അയാളെക്ക് തടവുശിക്ഷ കമ്പൽസറിയാക്കണം. ഒരാൾ ആദ്യം ഒരു കുറ്റം ചെയ്താൽ തടവുശിക്ഷ വേണ്ട, പിഴശിക്ഷകൊണ്ട് സാറിസ്ഫൈഡ് ആകാം. സാമൂഹ്യ ലക്ഷ്യം നിറവേറുന്നതിനുവേണ്ടി ഒരു വലിയ സാമൂഹ്യ കുറ്റം ചെയ്യുന്ന കരിഞ്ചന്തക്കാരനെ ഏൽപ്പെടുത്തിയിരിക്കുന്ന മൂന്നുകൊല്ലം തടവുശിക്ഷ നല്ലതുതന്നെ. പക്ഷേ ആംട്ടർനേറ്റീവായിട്ട് പണിഷ്മെൻറ് ഫൈൻകൂടി വേണം. ഫസ്റ്റ് ഒഫൻഡറിനു പിഴശിക്ഷ കൊടുക്കുന്നതിന് എനിക്ക് എതിരില്ല. സെക്കൻഡ് ഒഫൻഡറിന് തടവുശിക്ഷ കമ്പൽസറിയാക്കണം. അങ്ങനെ ഈ നിയമത്തിൽ ഒരു ഭേദഗതി വരുത്തണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം. അല്ലെങ്കിൽ ഈ നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളും സാധിതപ്രായമായിത്തീരുകയില്ല. ഇത് വിസ്തരിക്കുന്ന കോടതിക്കും റീസൺ പറഞ്ഞ് പിന്നെ പിഴശിക്ഷ കൊടുക്കാനുള്ള അവകാശം ഉണ്ടെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

പിഴശിക്ഷയോടൊപ്പം ഏർപ്പെടുത്തിയിരിക്കുന്ന മറ്റൊരു കാര്യം സാധനങ്ങളും കണ്ടുകെട്ടുകയാണ്. ഈ വകുപ്പിൽ സാധനങ്ങളും കണ്ടുകെട്ടുന്ന പ്രിൻസിപ്പിളിനോട് യോജിക്കുന്നു. പക്ഷേ അക്കാര്യത്തിൽ കോടതിക്ക് ഡിസ്ക്രിഷൻ കൊടുത്തിട്ടുണ്ട്. ഡിസ്ക്രിഷൻ കൊടുത്തിരിക്കുന്നതുകൊണ്ട് ഒരു മജിസ്ട്രേറ്റും ഒരു കേസിലും പൂർണ്ണമായി സാധനങ്ങളും കണ്ടുകെട്ടാൻ പോകുന്നില്ല. അതിന് ഒരു കാരണം കണ്ടുപിടിച്ചാൽമതി. സമർത്ഥനായ വക്കീലിനെക്കൊണ്ട് കേസ് വാദിച്ചാൽ തീർച്ചയായിട്ടും മജിസ്ട്രേറ്റ് ഒരു കാര്യം പറയും. ഇന്നയിന്നകാരണങ്ങളാൽ കണ്ടുകെട്ടാൻ കഴിയുന്നില്ല എന്ന്. അതുകൊണ്ട് കണ്ടുകെട്ടൽ കമ്പൽസറിയാക്കണം. എന്തുകൊണ്ട്? ഒരാൾ പൂഴ്ത്തിവച്ചിരിക്കുന്ന സാധനങ്ങളും, കരിഞ്ചന്തയിൽ വിൽക്കാൻ ഹോർഡ് ചെയ്തിരിക്കുന്ന സാധന

LIBRARY ARCHIVES Kerala Legislative Assembly

നങ്ങളും, മൂന്നാം വകുപ്പ് പ്രകാരം ഏറ്റെടുക്കുകയോ പിടിച്ചെടുക്കുകയോ ചെയ്താൽ വിൽക്കാം. കണ്ടുകെട്ടുന്ന സാധനങ്ങൾ വീണ്ടും പൊതുജന ആവശ്യത്തിനുവേണ്ടി വിതരണം ചെയ്യുകയെന്നാൽ അത് ഗവൺമെൻറിലേക്ക് മുതൽ കൂട്ടണം. ആ നിലയിൽ നിയമത്തിൽ മാറ്റം വരുത്തണം. അല്ലെങ്കിൽ ഈ നിയമം സാധിത പ്രായമായിത്തീരുകയില്ല. അത്രയുമാണ് അതിനെ സംബന്ധിച്ച് പറയാനുള്ളത്.

അടുത്ത പ്രധാനപ്പെട്ട ഒരു പ്രിൻസിപ്പിൾ എന്ന നിലയിൽ എനിക്ക് ഉന്നയിക്കാനുള്ളത് ഈ കമ്പനികളുടെ ഡയറക്ടർ, മാനേജിംഗ് ഡയറക്ടർ തുടങ്ങിയ ഉദ്യോഗസ്ഥൻമാരെ ഇതിന് ചുമതലപ്പെടുത്തിയിട്ടുണ്ടെന്നുള്ളതാണ്. ഏതായാലും ചില അവ്യക്തതകൾ അതിൽ കടന്നു കൂടിയിട്ടുണ്ട്. ചിലപ്പോൾ നിരപരാധികളും ശിക്ഷിക്കപ്പെടുകയില്ലേ എന്ന സംശയവും ഉണ്ടാകുന്നുണ്ട്. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. അപ്പോൾ അതിലെ ഈ രണ്ടു വകുപ്പിലും അതുപോലെ 1—ാം വകുപ്പിലും ചേർത്തിട്ടുള്ള ചില അവ്യക്തതകൾ കടന്നുകൂടിയിട്ടുണ്ടെന്നുള്ളതുകൊണ്ട് , നിരപരാധികളായ ചില കമ്പനി ജീവനക്കാരെ ശിക്ഷിക്കാൻ പാടില്ല. അതുകൊണ്ട് അക്കാര്യത്തിൽ ഒരു മാറ്റം വരുത്തണം. ഞാൻ പറഞ്ഞുവരുന്നത് തെളിവു ഭാരം ഇപ്പോൾ ഷിഫ്റ്റ് ചെയ്തിരിക്കുന്നത് പ്രതിയുടെ ഭാഗത്താണ്. ഞാൻ അത് സമ്മതിക്കുന്നു. പക്ഷേ തെളിവു ഭാരം അയാൾക്ക് കൊടുത്തു കഴിഞ്ഞാൽ അത് നിലനിൽക്കുമോയെന്നുള്ളതാണ് എന്റെ സംശയം. എന്തെന്നാൽ നമ്മുടെ ഡിപ്പാർട്ടുമെൻറ് അല്ലേ അത് ഇഷ്യൂ ചെയ്യുന്നത്. അതുകൊണ്ട് തെളിവു ഭാരത്തെ സംബന്ധിച്ച് ഇതിൽ ചേർത്തിരിക്കുന്ന വ്യവസ്ഥയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒന്നുകൂടി ശ്രദ്ധിക്കണം. വേറൊരു കാര്യം എനിക്ക് ഉന്നയിക്കാനുള്ളതും ഒഴിവാക്കലിനെക്കുറിച്ചാണ്. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഞാൻ ഈ നിയമത്തിന്റെ പൊതു തത്വം മാത്രമേ പറയുന്നുള്ളൂ. ഈ ആക്ടിൽ അടങ്ങിയിട്ടുള്ള യാതൊന്നും ഈ ഒഴിവാക്കലിനെക്കുറിച്ച് പറഞ്ഞിട്ടില്ല. ഈ കാലഘട്ടത്തിൽ ചെയ്തിട്ടുള്ള എല്ലാ കേസുകളും നിങ്ങൾ ഇല്ലാതാക്കുകയാണോ? ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കേസുകളെ സംബന്ധിച്ച ഒരു വ്യവസ്ഥയാണ് ഈ ഒഴിവാക്കൽ. ആ കേസുകളിലെല്ലാം എന്നെന്നേക്കുമായി അവസാനിപ്പിക്കുകയാണോ? അയാൾക്ക് ഈടാക്കിയിട്ടുള്ള പൈസകളെല്ലാം തിരിച്ചു കൊടുക്കാനാണോ തീരുമാനം? അക്കാര്യത്തിൽ മന്ത്രിയുടെ അഭിപ്രായമറിയണം. ഈ ചൂണ്ടിക്കാണിച്ച പോരായ്മകൾക്ക് ബഹുമാനപ്പെട്ട വകുപ്പു മന്ത്രി ഒരു പരിഹാരമുണ്ടാക്കുമെന്നുള്ള പൂർണ്ണ വിശ്വാസത്തോടുകൂടി ഈ ബില്ലിന്റെ പൊതു തത്വങ്ങളെ ഞാൻ പൂർണ്ണമായി പിന്താങ്ങുന്നു.

5 P. M.]

ശ്രീ. വി. കെ. രാജൻ: സർ, ഈ ബില്ലിന്റെ പരിധിയിൽ തൊണ്ടു നിയന്ത്രണ ഉത്തരവ് കൊണ്ടുവർണമെന്നാണ് എന്റെ അഭിപ്രായം. കേരളത്തിലെ അഞ്ചു ലക്ഷത്തോളം വരുന്ന കയർ തൊഴിലാളികളും അവരുടെ പ്രസ്ഥാനവും ഈ അവശ്യസാധന നിയന്ത്രണ നിയമത്തിന്റെ പരിധിയിൽ തൊണ്ട് ഉൾപ്പെടുത്തണമെന്ന ആവശ്യം കഴിഞ്ഞ 35 വർഷക്കാലമായി ഉന്നയിക്കപ്പെടുന്ന ഒരു കാര്യമാണ്. ഇതിന് അംഗീകാരം കിട്ടണമെങ്കിൽ കേന്ദ്ര ഗവൺമെൻറിൽനിന്ന് പവർ ഡെലിഗേറ്റ് ചെയ്തു കിട്ടണം. അതിനാവശ്യമായ രീതിയിലുള്ള പ്രക്ഷോഭങ്ങളും, സമരങ്ങളും നമ്മുടെ സംസ്ഥാനത്തുടനീളം നടന്നു കൊണ്ടിരിക്കുകയാണ്. ഈ കാര്യം ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ട് അതിനാവശ്യമായ സംര

LIBRARY ARCHIVES Kerala Legislative Assembly

ക്ഷണം കിട്ടണം. എന്നാൽ കയർ തൊഴിലാളികളെ ദ്രോഹിക്കത്തക്കവിധത്തിലുള്ള ഒരു നടപടിയാണ് ഇന്ന് ഈ ഗവൺമെൻറ് എടുത്തുകൊണ്ടിരിക്കുന്നത്. ലെവി സമ്പ്രദായമെന്നതിൻെറ അടിസ്ഥാനത്തിലാണ് ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി ചില നിർദ്ദേശങ്ങൾ വച്ചിട്ടുള്ളത്. മൂടൽ കേന്ദ്രത്തിൽ നിന്ന് തൊണ്ട് സംഭരിക്കാമെന്നാണ് കരുതിയിരുന്നത്. എന്നാൽ ഇങ്ങനെ തൊണ്ടു സംഭരിക്കാൻ യാതൊരു സാദ്ധ്യതയുമില്ല. കരയിൽ നിന്നു കിട്ടുന്ന തൊണ്ടുപോലും പിടിച്ചെടുക്കാൻ കഴിയാത്ത ഒരു സാഹചര്യമാണ് ഇന്നുള്ളത്. അവശ്യ സാധന നിയന്ത്രണ നിയമത്തിൻെറ പരിധിയിൽ തൊണ്ട് ഉൾപ്പെടുത്തണമെന്ന ആവശ്യം ഈ ഗവൺമെൻറ് അംഗീകരിക്കുന്നില്ല. അത് അംഗീകരിച്ച് ഇത് പ്രാവർത്തികമാക്കാനുള്ള ഒരു നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഈ ബില്ല് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാൻവേണ്ടി രണ്ടര ദിവസം ചർച്ച നടന്നു. ആ ചർച്ചയിൽ ഇവിടെ ഉന്നയിച്ച എതാണ്ട് എല്ലാ പോയിൻറുകളും ഡിസ്ക്കസ് ചെയ്തതാണ്. സബ്ജക്ട് കമ്മിറ്റിയുടെ ചർച്ചയിൽ, ബഹുമാനപ്പെട്ട എൻെറ സ്നേഹിതൻ പറഞ്ഞു പ്രതിപക്ഷത്ത് ആരും ഉണ്ടായിരുന്നില്ലെന്ന്. അത് ശരിയല്ല. എൻെറ ഓർമ്മ ശരിയാണെങ്കിൽ ബഹുമാനപ്പെട്ട ശ്രീ. സുരേന്ദ്രനാഥും, ബഹുമാനപ്പെട്ട ശശീന്ദ്രനും, ബഹുമാനപ്പെട്ട എം. വി. രാഘവനും ഉൾപ്പെടെയുള്ള സബ്ജക്ട് കമ്മിറ്റിയാണ് യാതൊരു ഭേദഗതിയും കൂടാതെ രണ്ടാമതും ഇതു ഈ സഭയിൽ അവതരിപ്പിക്കാൻ തീരുമാനിച്ചത്. ഇവിടെ പറഞ്ഞ എല്ലാ കാര്യങ്ങളും പരിഗണിച്ചിരുന്നു. 1955-ലെ എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിൽ പ്രത്യേകം ഉൾക്കൊള്ളിച്ചിട്ടില്ലാത്ത സാധനങ്ങളെ എസൻഷ്യൽ ആർട്ടിക്കിളായി പ്രഖ്യാപിക്കുന്നതിന് ഗവൺമെൻറിന് അധികാരം നൽകുന്ന ഒരു പ്രത്യേക നിയമമാണിത്. ഇതിലുള്ള എല്ലാ വ്യവസ്ഥകളും എതാണ്ട് 1955-ലെ എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിൽ ഉള്ളതാണ്. യാതൊരു മാറ്റവുമില്ല. ഇതിലുള്ള പീനൽ പ്രൊവിഷൻ തന്നെ എതാണ്ട് അതിലുള്ളതാണ്. 1962-ലെ നിയമസഭ ഈ ബില്ല് അംഗീകരിച്ചപ്പോൾ 1955-ലെ എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിലെ അതേ പ്രൊവിഷൻ തന്നെയാണ് എഴുതിച്ചേർത്തിരുന്നത്. അതിൽ കാലോചിതമായ ചില മാറ്റങ്ങൾ വരുത്തണമെന്ന അഭിപ്രായം എനിക്കുണ്ട്, ബഹുമാനപ്പെട്ട രാജൻ പറഞ്ഞ കാര്യം പരിശോധിച്ചതിനുശേഷമേ എനിക്ക് പറയാൻ സാധിക്കുകയുള്ളൂ.

ബഹുമാനപ്പെട്ട രാധാകൃഷ്ണൻ ഇവിടെ പല നല്ല സജഷൻസും നൽകി. പക്ഷേ അദ്ദേഹം പറഞ്ഞ കാര്യത്തിന് യാതൊരു എക്സ്പ്ലനേഷനും വേണ്ട. കാരണം, ഇത് കോടതിയിൽ പരിഗണനയ്ക്ക് വരും. കോടതിയുടെ പരിഗണനയ്ക്ക് വരുമ്പോൾ വിലയെ സംബന്ധിച്ചിടത്തോളം എല്ലാ നിയമങ്ങളിലും സ്വീകരിച്ചിട്ടുള്ളതും പൊതുവിൽ അംഗീകരിച്ചിട്ടുള്ളതുമായ തത്വമുണ്ട്. അല്ലെങ്കിൽ ആ വിലയിൽ ഒരു സാധനം പിടിച്ചെടുത്താൽ ആ സാധനം അവർ ആദ്യം കൊണ്ടുവരുമ്പോഴുള്ള ചില ട്രാൻസ്പോർട്ട് കൂലികൂടി ഈ നാച്ചറൽ ജസ്റ്റീസിൻെറ പേരിൽ കോടതികളെ കൂടി ബോദ്ധ്യമാക്കുന്നരീതിയിൽ വേണ്ടി വരും. അത് എഗ്രീ ചെയ്തില്ലെങ്കിൽ വെറും നിയന്ത്രിത വിലയായിരിക്കും. അപ്പോൾ തൊണ്ട് പിടിച്ചെടുക്കുന്ന ആളിനോട് നീതി കാണിക്കുവാൻ പറ്റുകയില്ല. ഒരു നിലയിലും അമിത വില കൊടുക്കാൻ പാടില്ല. വലിയ തുകയ്ക്ക് വാങ്ങിക്കഴിഞ്ഞാൽ നിയന്ത്രിത വിലയായിരിക്കണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നുള്ളതാണ് ഇതിന്റെ നിയമം. ഏതായാലും ബഹുമാനപ്പെട്ട രാധാകൃഷ്ണനും ശ്രീ. ശങ്കരനാരായണപിള്ളയും പറഞ്ഞ കാര്യങ്ങൾക്ക് ഇവിടെ പ്രസക്തിയില്ല എന്നാണ് ഞാൻ പറയുന്നത്. എന്റെ സ്നേഹിതനായ ശ്രീ. വി. ജെ. തങ്കപ്പൻ ചെയ്ത പ്രസംഗത്തിൽ അവശ്യ സാധന ബില്ല് എന്നുള്ളത് മാറ്റിവച്ചാൽ ഏതവസരത്തിലും ഈ സഭയിൽ ചെയ്യാവുന്ന ഒരു പ്രസംഗമായതുകൊണ്ട് ഞാൻ അതിനെപ്പറ്റി ഒന്നും പറയുന്നില്ല.

ശ്രീ. കെ. ശങ്കരനാരായണപിള്ള അവതരിപ്പിച്ച ഭേഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച ഭേഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1965-ലെ കേരളാ അവശ്യ സാധന നിയന്ത്രണ ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു. ബിൽ പരിഗണനയ്ക്കെടുത്തു.

വകുപ്പു തിരിച്ചുള്ള പരിഗണന

2-ാം വകുപ്പ്

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

3-ാം വകുപ്പ്

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേഗതി മൂവ് ചെയ്യുന്നു.

3-ാം വകുപ്പിൽ രണ്ടാം ഉപവകുപ്പിൽ (ഐ) ഇനം താഴെക്കാണും പ്രകാരം തിരുത്തിയെഴുതുക.

''(ഐ) ഏതെങ്കിലും അവശ്യസാധനത്തിന്റെ സംസ്കരണം, ഉൽപ്പാനം എന്നിവ ക്രമപ്പെടുത്തുന്നതിനും'' മൂന്നാം വകുപ്പിന്റെ (ഐ) യിൽ ''ഏതെങ്കിലും അവശ്യസാധനത്തിന്റെ സംസ്കരണവും'' എന്ന് കഴിഞ്ഞിട്ട് ''ഉൽപ്പാദന''മെന്നുകൂടി ചേർക്കണമെന്നേയുള്ളൂ. നിരുപദ്രവപരവും പ്രയോജനപ്രദവുമായ കുറച്ചുകൂടി ഇഫക്ടീവ് ആക്കുന്നതിനു വേണ്ടിയുള്ള ഒരു കൂട്ടിച്ചേർക്കലാണിത്. വലിയ എതിർപ്പൊന്നും പ്രകടിപ്പിക്കേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട മന്ത്രി അത് അംഗീകരിക്കുമെന്നാണ് എന്റെ വിശ്വാസം.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഞാൻ ഭേഗതി അവതരിപ്പിക്കുന്നു.

3-ാം വകുപ്പിന്റെ ഒന്നാം ഉപവകുപ്പിനുശേഷം താഴെക്കാണുന്നത് (1എ) ഉപവകുപ്പായി ചേർക്കേണ്ടതാണ്.

''(1എ) (1)-ാം ഉപവകുപ്പനുസരിച്ച് വിജ്ഞാപനം ചെയ്യപ്പെടുന്ന ഏതൊരുത്തരവും അതുണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ നിയമസഭ സമ്മേളിച്ചിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ഒരു സമ്മേളന

LIBRARY ARCHIVES Kerala Legislative Assembly

ത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ ആയി ആകെ പതിനാലു ദിവസക്കാലയളവിലേക്ക് വയ്ക്കേണ്ടതും ഏതു സമ്മേളനത്തിലാണ് അത് അപ്രകാരം വയ്ക്കപ്പെട്ടത് അങ്ങനെയുള്ള സമ്മേളനമോ അതിന് തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ ആ വിജ്ഞാപനം ചെയ്യപ്പെട്ട ഉത്തരവിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അഥവാ വിജ്ഞാപനം ചെയ്യപ്പെട്ട ആ ഉത്തരവ് നടപ്പാക്കേണ്ടതില്ലെന്നോ തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ഉത്തരവിന് അതിനുശേഷം അതതു സംഗതിപോലെ അങ്ങനെ രൂപഭേദം വരുത്തപ്പെട്ട വിധത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ വിജ്ഞാപനം ചെയ്യപ്പെട്ട ആ ഉത്തരവുമൂലം മുമ്പു ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാദ്ധ്യതയ്ക്ക് മൂഷ്യം വരാത്ത വിധത്തിലായിരിക്കേണ്ടതുമാകുന്നു.''

സർ, ഈ ബില്ല് ചില സാധനങ്ങളുടെ ഉൽപ്പാദനം, വിതരണം എന്നീ കാര്യങ്ങൾ നിയന്ത്രിക്കുവാനുള്ള ഉദ്ദേശത്തോടുകൂടിയാണ്. ഈ ബില്ലിലെ വകുപ്പുകളിൽ ഇക്കാര്യങ്ങളെപ്പറ്റി ഒരു വാക്കുപോലും പറഞ്ഞിട്ടില്ലെന്നുള്ളതാണ് ഇതിന്റെ സവിശേഷത. അതെല്ലാം ഈ 3—ാം വകുപ്പിൽ കൊണ്ടിട്ടിരിക്കുകയാണ്. 3—ാം വകുപ്പിൽ പറഞ്ഞിരിക്കുന്നത് അവശ്യ സാധനങ്ങളുടെ ഉൽപ്പാദനം, സംഭരിച്ചുകൊടുക്കൽ, വിതരണം മുതലായവ നിയന്ത്രിക്കാനുള്ള അധികാരങ്ങൾ സർക്കാർ നോട്ടിഫിക്കേഷനിറക്കി പ്രയോഗിക്കുമെന്നാണ്. അങ്ങനെ നോട്ടിഫിക്കേഷനിറക്കിയിട്ടുള്ള ഓരോ കാരണത്തെപ്പറ്റി ഇതിൽ വിവരിച്ചിട്ടുണ്ട്. ആ വിവരണം ഇലസ്ട്രേറ്റീവ് മാത്രമാണ്. എക്സാസ്റ്റീവല്ല. ഇനി ഏതെങ്കിലും വേണമെങ്കിൽ കൂട്ടിച്ചേർക്കാം. അതുകൂടി ചേർക്കാനുള്ള അധികാരമുണ്ട്. അതുകൊണ്ട് ഈ നിയമസഭ പ്രയോഗിക്കേണ്ടതായിട്ടുള്ള അധികാരങ്ങളെല്ലാംതന്നെ ഈ 3—ാം വകുപ്പു പ്രകാരം ഗവൺമെന്റ് പ്രയോഗിക്കുന്നതുകൊണ്ട് ഇതു സബോർഡിനേറ്റ് ലെജിസ്ലേഷനെക്കാൾ കട്ടിയായിട്ടുള്ള ഒരു അവകാശമായിരിക്കും. സബോർഡിനേറ്റ് ലെജിസ്ലേഷൻ ഈ നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ട വകുപ്പുകളിൽ സാധാരണ എല്ലാ നിയമങ്ങളിലുമുണ്ട്. അതുകൊണ്ട് ഞാൻ നിർദ്ദേശിച്ച ഭേദഗതി പ്രകാരം നോട്ടിഫിക്കേഷനുകളെല്ലാം ഒരു നിശ്ചിത സമയത്തേക്ക് ഈ നിയമസഭയുടെ മേശപ്പുറത്തു വയ്ക്കണം. ഈ നിയമസഭ വരുത്തുന്ന ഭേദഗതികളുടെ അടിസ്ഥാനത്തിൽ അതു നടപ്പിൽ വരുത്താവുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരി: സർ, ശ്രീ. കെ. ചന്ദ്രശേഖരൻ അവതരിപ്പിച്ച ഭേദഗതിയെ ഞാൻ പിന്താങ്ങുകയാണ്. നമ്മുടെ നിയമസഭയിൽ ഏതു നിയമം പാസ്സാക്കിയാലും ആ നിയമത്തിലന്തർഭവിച്ചിരിക്കുന്ന റൂളുകളായാലും ഓർഡറുകളായാലും നിയമസഭയുടെ മേശപ്പുറത്തു 14 ദിവസം വയ്ക്കണം. ഈ നിയമത്തിലുള്ള ഒരു പഴുതിനെപ്പറ്റിയാണ് പറയുന്നത്. നമ്മൾ നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ള ഏതു നിയമം എടുത്തുനോക്കിയാലും ആ നിയമത്തിൽ അവസാനമായി ഉണ്ടാകുന്ന റൂംസ് നിയമസഭയുടെ മേശപ്പുറത്തു വയ്ക്കണമെന്നു പ്രൊവിഷനുണ്ട്. അത് ഇതിലില്ല. ഇത് ഈ നിയമസഭയുടെ മേശപ്പുറത്തു വച്ചു കമ്പൽസറിയായിട്ട് സമയം നിശ്ചയിച്ചു ചർച്ച ചെയ്യണം. അതു അംഗീകരിക്കുകയോ തള്ളുകയോ ചെയ്യാം. ഇവിടെ നടക്കുന്നത് മേശപ്പുറത്തു വച്ചാൽ ചർച്ചയില്ലാതെ പോകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഇവിടെ 2 ഭേഗതികളാണുള്ളത്. ബഹുമാനപ്പെട്ട വി. ജെ. തങ്കപ്പന്റെ ഭേഗതി ആവശ്യമില്ല. കാരണം, മുകളിലുള്ള സെക്ഷനിൽ ''പ്രൊഡക്ഷൻ'' എന്നു പറഞ്ഞിട്ടുണ്ട്. അദ്ദേഹം പറഞ്ഞത് ഐ—യിൽ പ്രൊഡക്ഷൻ എന്നു ചേർക്കണമെന്നാണ്. എന്നാൽ എച്ച്—ൽത്തന്നെ പറയുന്നുണ്ട്. 'for requiring persons engaged in the production', അതുകൊണ്ട് ഈ ഐ—ൽ ''പ്രൊഡക്ഷൻ'' സംബന്ധിച്ചു പറയേണ്ട ആവശ്യമില്ല. അതുകൊണ്ട് അദ്ദേഹം ആ ഭേഗതി പിൻവലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ബഹുമാനപ്പെട്ട ചന്ദ്രശേഖരനും ബഹുമാനപ്പെട്ട ഗൗരിയമ്മയും പറഞ്ഞത് പ്രസക്തമായ കാര്യമാണ്. പക്ഷേ അങ്ങനെ നിയമസഭയ്ക്ക് സമർപ്പിക്കണമെന്നു അവിടെയല്ല പറയേണ്ടത്. അതു വേണ്ടിടത്ത് എത്താണ്ട് ഈ രീതിയിൽത്തന്നെയുള്ള എന്റെ ഒരു ഓറൽ അമൻഡ്മെന്റ് വരുന്നതുകൊണ്ട് ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ഈ ഭേഗതി ഇപ്പോൾ പിൻവലിക്കണമെന്നാണ് ഞാൻ അപേക്ഷിക്കുന്നത്.

ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച ഭേഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. ചന്ദ്രശേഖരൻ അവതരിപ്പിച്ച ഭേഗതി സഭ വോട്ടിനിട്ടു നിരാകരിച്ചു.

3—ാം വകുപ്പു ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

നാലാം വകുപ്പ്

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഞാൻ ഭേഗതി അവതരിപ്പിക്കുന്നു. 4—ാം വകുപ്പിൽ ''സർക്കാരിന്റെ കീഴിലുള്ള'' എന്നതിനുശേഷം ''ജില്ലാകളക്ടറുടെ പദവിയിൽ താഴെയല്ലാത്ത'' എന്നു ചേർക്കുക.

സർ, വലുതായിട്ടുള്ള അധികാരങ്ങളാണ് 3—ാം വകുപ്പു പ്രകാരം പ്രയോഗിച്ചിട്ടുള്ളത്. ആ അധികാരങ്ങളെല്ലാം ഉദ്യോഗസ്ഥൻമാർക്ക് പ്രയോഗിക്കാമെന്നാണ് 4—ാം വകുപ്പിൽ പറയുന്നത്. ഞാൻ അതിലൊരു നിബന്ധന കൊണ്ടുവരുന്നത് ഇന്ന നിലവാരത്തിലുള്ള ഉദ്യോഗസ്ഥൻമാർ കഴിച്ച് അതിൽത്താഴെയുള്ള ഉദ്യോഗസ്ഥനു ഇതു വേണ്ടെന്നുള്ളതാണ്. ഞാൻ നിർദ്ദേശിച്ചിട്ടുള്ളത് ജില്ലാകളക്ടറാണ്. ഞാൻ ജില്ലാ കളക്ടറെ നിർദ്ദേശിക്കാനുള്ള കാരണം ചിലപ്പോൾ പല നോട്ടിഫിക്കേഷനുകളും ഒന്നോ രണ്ടോ ജില്ലകൾക്ക് മാത്രമായി വേണ്ടിവരും. സംസ്ഥാനങ്ങളിലേക്ക് മുഴുവൻ വേണ്ടിവരികയില്ല. ആ നിലപാടിലാണെങ്കിൽ ജില്ലാകളക്ടർക്ക് അതിനു അധികാരം കൊടുക്കാമെന്നുള്ള നിലയിലാണ്. പക്ഷേ ഇതു സംസ്ഥാനാടിസ്ഥാനത്തിലാണ് നല്ല തെന്നു ബഹുമാനപ്പെട്ട ഗൗരിയമ്മ കൂടി ഇപ്പോൾ അഭിപ്രായപ്രകടനം നടത്തിയതുകൊണ്ട് ഈ നിലയിലാണെങ്കിൽ ബോർഡ് ഓഫ് റവന്യൂവോ സെക്രട്ടറി ടു ഗവൺമെന്റോ ആരാണെങ്കിലും ആ അധികാരം പ്രയോഗിക്കാം. എന്തായാലും ഒരു പരിധി ഇതിനു നിശ്ചയിക്കണം. അല്ലെ

LIBRARY ARCHIVES Kerala Legislative Assembly

ന്നാണെങ്കിൽ ഇതു തഹസീൽദാറും താലൂക്ക് സപ്ലൈ ഓഫീസറുമെല്ലാം ആവാമെന്നുള്ള നില വന്നാൽ വലുതായിട്ടുള്ള അപകടമായിരിക്കും എന്നാണ് എനിക്ക് തോന്നുന്നത്. ഇതൊക്കെ ബില്ലുണ്ടാക്കുന്നതിലുള്ള അങ്ങേയറ്റത്തെ പാകപ്പിഴകളാണ്. ഇതൊന്നു ശ്രദ്ധിക്കണം.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ അവതരിപ്പിച്ച ഭേദഗതികളോട് അനുകൂലിക്കാൻ എനിക്ക് നിർവ്വാഹമില്ല. കാരണം അവശ്യസാധന നിയമപ്രകാരമുള്ള നോട്ടിഫിക്കേഷൻ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കാണ്. ഉദാഹരണമായിട്ട് ഇലക്ട്രിസിറ്റി ഡ്യൂട്ടിക്ക് ഒരു നോട്ടിഫിക്കേഷൻ ഉണ്ടാകും. മറ്റൊന്നു വുഡ് പ്രോഡക്റ്റ്സിൽ പെൻസിൽ മുതലായവയ്ക്ക് ഒരു നോട്ടിഫിക്കേഷനുണ്ടാകും. പല വകുപ്പുകൾക്കും ആവശ്യമുള്ളതായിരിക്കും അങ്ങനെയുള്ള നോട്ടിഫിക്കേഷൻ. ഒരു ജില്ലാ കളക്ടറെ തന്നെയാക്കുകയെന്നുവച്ചാൽ പ്രായോഗികമായിട്ട് പ്രശ്നമുണ്ടാകും. ഒരു കാര്യം ചിലപ്പോൾ വ്യവസായവകുപ്പിന് ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് ജനറൽ മാനേജരെ ഭാരമേൽപ്പിക്കേണ്ടിവരും. മറ്റൊന്നിൽ ആർ. ഡി. ഒ.യ്ക്ക് മാത്രം കൊടുത്താൽ മതിയെന്നു തോന്നും, വേറെ ഡിപ്പാർട്ടുമെൻറുകൾക്ക് അവരുടേതായിട്ടുള്ള ലവലിലുള്ള ഉദ്യോഗസ്ഥൻമാർക്ക് കൊടുക്കേണ്ടിവരും. അതുകൊണ്ട് ഈ ഡിസ്ട്രിക്റ്റ് കളക്റർ എന്നുതന്നെ വയ്ക്കുകയാണെങ്കിൽ പ്രായോഗികമായ വിഷമതയുണ്ടാകും. സർ, എന്റെ അടുത്ത ഓറൽ അമൻഡുമെൻറ് വന്നുകഴിഞ്ഞാൽ അതിനെ സംബന്ധിച്ചു അപ്രിഹെൻഷനുണ്ടാകുകയില്ല. നോട്ടിഫിക്കേഷൻ സഭയുടെ പരിഗണനയ്ക്ക് വരും. ബഹുമാനപ്പെട്ട ഗൗരിയമ്മ ഇതെല്ലാം ഗവൺമെൻറ് മാത്രമേ പാടുള്ളുവെന്നു പറഞ്ഞു. അതു ശരിയല്ല. കാരണം ചില സാധനങ്ങൾ പ്രാദേശികമായി കളക്ടർക്കോ അല്ലെങ്കിൽ അതുപോലെയുള്ള മറ്റ് ഉദ്യോഗസ്ഥൻമാർക്കോ അധികാരം കൊടുത്തു അവർക്ക് ലോക്കലായി പെട്ടെന്നു ചേയ്യേണ്ടിവരും. അപ്പോൾ അതു എനേബിളിംഗ് ക്ലാസ് മാത്രമാണ്. അങ്ങനെയൊരു എനേബിളിംഗ് ക്ലാസുണ്ടാകുന്നത് നിയമം പെർഫക്റ്റാകുന്നതിന് സഹായമാവുമെന്നുള്ളതുകൊണ്ട് ഈ ഭേദഗതി എനിക്ക് സ്വീകരിക്കാൻ നിവൃത്തിയില്ല.

ശ്രീ. കെ. ചന്ദ്രശേഖരൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

4–ാം വകുപ്പു ബില്ലിന്റെ ഭാഗമാകാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

4–ാം വകുപ്പു ബില്ലിന്റെ ഭാഗമായിത്തീർന്നു.

4(എ) വകുപ്പ്

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഞാൻ താഴെപ്പറയുന്ന ഓറൽ അമൻറ്മെൻറ് അവതരിപ്പിക്കുന്നു.

(1) 4–ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക. അതായത്.

''4 എ. വിജ്ഞാപനം ചെയ്യപ്പെട്ട ഉത്തരവുകൾ നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണെന്ന്:—ഈ ആക്ട് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതിനുശേഷം, സർക്കാരോ 4–ാം വകുപ്പിൽ പരാമർശിക്കപ്പെട്ട ഒരു ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ 3–ാം വകുപ്പു 1–ാം ഉപവകുപ്പു പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കിയിട്ടുള്ള ഏതൊരു വിജ്ഞാപനം ചെയ്യപ്പെട്ട ഉത്തരവും അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗത്തിൽ, നിയമസഭ യോഗം ചേർന്നിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ആകെ പതിന്നാലു ദിവസത്തേക്ക് അതു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാം— വയ്ക്കേണ്ടതും അതു പ്രകാരം വയ്ക്കുന്ന സമ്മേളനമോ അതിന് തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ ഉത്തരവിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ ഉത്തരവ് ഉണ്ടാകേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം അതിനുശേഷം ആ ഉത്തരവിന്, അതത് സംഗതിപോലെ, അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാണ്; എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ, റദ്ദാക്കലോ ആ ഉത്തരവു പ്രകാരം മുമ്പു ചെയ്ത യാതൊന്നിന്റേയും സാധുതയ്ക്ക് ദൂഷ്യം വരുത്താത്ത വിധത്തിലായിരിക്കേണ്ടതാണ്.''

ശ്രീമതി കെ. ആർ. ഗൗരി: സർ, ഇവിടെ അതിന്റെ തത്വമല്ല. റൂംസ് ഉണ്ടാക്കിക്കഴിഞ്ഞാൽ 14 ദിവസം മേശപ്പുറത്ത്വച്ചു ഒരു ദിവസം ചർച്ച നടത്തണമെന്നുണ്ട്. ഈ ബില്ലിൽ അങ്ങനെയൊരു വ്യവസ്ഥയില്ല. നമ്മളം നിയമം അല്ലേ പാസ്സാക്കുന്നത്. അത് ആരെയെങ്കിലുംകൊണ്ട് ഒന്ന് നന്നായിട്ട് ഡ്രാഫ്റ്റ് ചെയ്തു ചേർത്താൽ മതി. പഴയ നിയമത്തിലൊക്കെ വാക്ക് കാണുമല്ലോ?

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഇത് ബഹുമാനപ്പെട്ട ശ്രീ. ചന്ദ്രശേഖരൻ ഇവിടെ നോട്ടീസ് കൊടുത്തിട്ടുള്ളതായ അതേ അമെൻറുമെൻറ് തന്നെയാണ്. പക്ഷേ ഇതിൽ രണ്ട് നോട്ടിഫിക്കേഷൻ ഉണ്ട്. ഒരു നോട്ടിഫിക്കേഷൻ ഗവൺമെൻറിന് സ്വയം പുറപ്പെടുവിക്കാവുന്ന നോട്ടിഫിക്കേഷനാണ്. മറെറാരു നോട്ടിഫിക്കേഷൻ ഗവൺമെൻറ് ആതറൈസ് ചെയ്യുന്ന ഒരു കീഴുദ്യോഗസ്ഥനുള്ളതാണ്. അപ്പോൾ ഏതു വിധത്തിലുള്ള നോട്ടിഫിക്കേഷൻ വന്നാലും നിയമസഭയ്ക്ക് കഴിയുന്നത്ര വേഗത്തിൽ ആവശ്യമായ ഭേദഗതികം വരുത്തുകയോ മറെറാ ചെയ്യാവുന്നതാണ്. പക്ഷേ ഇതിന്റെ പൊതുവായ ഉദ്ദേശത്തിന് ദോഷകരമല്ലാത്ത നിലയിൽ ചെയ്യുന്നതാണ്. ഇത് റൂൾസ് കമ്മിറ്റിയ്ക്ക് കൂടി ഇതിനെപ്പററി അറിയുവാനും അതിനെപ്പററി അഭിപ്രായം പറയുവാനും, നിർദ്ദേശങ്ങം നൽകുവാനുമുള്ള ഒരു അവസരം എന്നുള്ള നിലയ്ക്കാണ്. അതുകൊണ്ട് ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, എന്റെ ഭേദഗതി ഈ നിലയിലെങ്കിലും സ്വീകരിച്ചതിൽ ഞാൻ കൃതാർത്ഥനാണ്.

വ്യവസായ വകുപ്പു മന്ത്രി ഓറലായി അവതരിപ്പിച്ച 4 (എ) വകുപ്പ് അംഗീകരിക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

4 (എ) വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

5—ാം വകുപ്പ്

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആറാം വകുപ്പ്

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഞാൻ ഭേഗതി അവതരിപ്പിക്കുന്നു. 6–ാം വകുപ്പിൽ (എ) ഉപവകുപ്പിൽ (1)–ഉം (2)–ഉം ഇനങ്ങളിൽ ഉള്ള ''പിഴ ശിക്ഷയും'' എന്നതിനുപകരം ''ഒരായിരം രൂപയിൽ കുറയാത്ത പിഴശിക്ഷയുമോ രണ്ടു ശിക്ഷകളും കൂടിയോ'' എന്നു ചേർക്കുക.

ഇതിൽ നിശ്ചയിച്ചിട്ടുള്ള പെനാൽട്ടി ഒരു കൊല്ലത്തെ തടവും കൂടാതെ ഫൈനുമാണ്. ഞാൻ നിർദ്ദേശിക്കുന്നത് ഒരു കൊല്ലത്തെ തടവ് അല്ലെങ്കിൽ പിഴശിക്ഷ അല്ലെങ്കിൽ ഇത് രണ്ടുമാണ്. പിഴ 1000 രൂപയിൽ കവിയേണ്ട. ഞാൻ ആ അധികാരം കോടതിക്ക് വിട്ടുകൊടുക്കുന്നു എന്ന് മാത്രമേയുള്ളൂ. സാധാരണ ഗതിയിൽ ഈ Essential Commodities Act–ഉം Prevention of Adulteration Act–ഉം ഇതിനെല്ലാം രണ്ടാമതും ഒരു ഒഫൻസ് ചെയ്യുമ്പോഴാണ് ഈ penalty of imprisonment and fine and fine എന്നു ചേർക്കാറുള്ളത്. അല്ല എന്നുണ്ടെങ്കിൽ penalty of imprisonment or fine or both'' എനിക്ക് തോന്നുന്നത് ഇതുമതിയെന്നാണ്. ആക്കാരെ ഒന്നും വളരെയധികം കഷ്ടപ്പെടുത്തേണ്ട. രാജ്യത്തുള്ള പലരേയുമാണ് ഗവൺമെന്റ് ഇപ്പോൾ ഡെലിഗേറ്റ് ചെയ്യാൻ പോകുന്നത്, നോട്ടിഫിക്കേഷനിറക്കാനായിട്ട്. ഈ സഭയെ വിശ്വസിക്കുന്നില്ല. ഇത് ആരെയെല്ലാം ആതറൈസ് ചെയ്യാൻ പോകുന്നു എന്നുള്ള കാര്യത്തിൽ 'this House has not been taken in to Confidence'. ആ നിലയിൽ പ്രത്യേകിച്ചും ഇതുമതി എന്നാണ് എനിക്ക് തോന്നുന്നത്.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഇതിന്റെ ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. കാരണം, അദ്ദേഹം പറഞ്ഞതുപോലെ സഭയെ കോൺഫിഡൻസിൽ എടുത്തതുകൊണ്ടാണ് എല്ലാ നോട്ടിഫിക്കേഷനും സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്നുള്ള അമെൻഡ്മെന്റ് അവതരിപ്പിച്ചത്. മറ്റൊന്ന് ഇതിൽ.....

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, നോട്ടിഫിക്കേഷന്റെ കാര്യമല്ല ഞാൻ പറഞ്ഞത്. ഡെലിഗേഷന്റെ കാര്യമാണ് പറഞ്ഞത്. ആനക്കാര്യം പറയുമ്പോൾ ചേനക്കാര്യം പറഞ്ഞാൽ എങ്ങനെയാണ്.

ശ്രീ. ഇ. അഹമ്മദ്: സർ, ഡെലിഗേഷനെ സംബന്ധിച്ചിടത്തോളം ഞാൻ ആദ്യമേ പറഞ്ഞു, പ്രായോഗികമായ വസ്തുതകൂടി കണക്കിലെടുത്തുകൊണ്ട് ആയിരിക്കണം ഡെലിഗേഷൻ കൊടുക്കേണ്ടതെന്ന്. മറ്റൊന്ന്, ഇതിൽ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെ ഇത്രയിൽ കുറഞ്ഞ പിഴ എന്നത് ആവശ്യമില്ല എന്നാണ്. കാരണം ഈ പെനാൽട്ടി ക്ലാസ് തന്നെരണ്ടായിട്ട് ഭാഗിച്ചിട്ടുണ്ട്. ഒന്ന് ജി. ആൻഡ് എച്ച്. പ്രകാരം കോൺട്രാവീൻ ചെയ്യുകയാണെങ്കിൽ ഉള്ള ഒഫൻസ്, മറ്റേത്, മറ്റ് വകുപ്പുകളും ലംഘിക്കുകയാണെങ്കിൽ, അങ്ങനെ രണ്ടുവിധത്തിലുള്ള ശിക്ഷയാണ് ഇതിൽ പ്രതിപാദിച്ചിട്ടുള്ളത്. ഒന്നാമത്തെതിനെ സംബന്ധിച്ചിടത്തോളം ഈ 'regulating by licence and permit എന്നതുവരെ പറഞ്ഞിട്ടുണ്ട്. ചെറിയ ഏതെങ്കിലും പ്രാദേശികമായ സ്ഥലത്ത് ഒരു ലൈസൻസിംഗ് ഓർഡറിനെ സംബന്ധിച്ച് അല്ലെങ്കിൽ അക്കൗണ്ട് പ്രൊഡ്യൂസ് ചെയ്യുന്നതിനെ സംബന്ധിച്ചിടത്തോളം ചെറിയ ആളുകൾ പോലും ഒരു നിസ്സാരമായ തെറ്റ് ചെയ്തേക്കാം. അങ്ങനെയുള്ള കുറ്റങ്ങളെ സംബന്ധിച്ച് ഒരു പിഴ 1000 രൂപയിൽ കുറയാത്തത് എന്ന്

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്കേണ്ടതില്ല. കാണേം അത് മജിസ്ട്രേട്ട് കൊടുക്കുകയാണ്. ആ കാര്യം 'gravity of offence' എടുത്തിട്ട് അതിനു യുക്തമായ ശിക്ഷ എത്രയാണോ അത്, കോടതിക്ക് തിരുച്ചും വിട്ടുകൊടുക്കുകയാണ്, അത് നമ്മൾ റഗുലേറ്റ് ചെയ്യുന്നത് ശരിയല്ല. കോടതി ആ കേസിന്റെ സ്ഥിതിവിശേഷങ്ങളും മനസ്സിലാക്കി അത് പരിഗണിച്ചുകൊണ്ട് കൊടുക്കുന്നതായിരിക്കും ഉത്തമം.

ശ്രീ. കെ. ചന്ദ്രശേഖരൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

7 മുതൽ 15 വരെയുള്ള വകുപ്പുകൾ

ഏഴുമുതൽ പതിനഞ്ചുവരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ഏഴു മുതൽ പതിനഞ്ചുവരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിത്തീർന്നു.

പതിനാറാം വകുപ്പ്

വ്യവസായവകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഞാൻ ഭേദഗതി അവതരിപ്പിക്കുന്നു.

16-ാം ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡത്തിനുപകരം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(1) 1986-ലെ കേരള അവശ്യസാധന നിയന്ത്രണ ഓർഡിനൻസ് (1986-ലെ 29) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു."

വ്യവസായ വകുപ്പു മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

ഒന്നാം വകുപ്പ്

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഞാൻ ഭേദഗതി അവതരിപ്പിക്കുന്നു.

1-ാം ഖണ്ഡത്തിലെ (1)-ാം ഉപഖണ്ഡത്തിൽ "1985" എന്ന അക്കങ്ങൾക്ക് പകരം "1986" എന്ന അക്കങ്ങൾ ചേർക്കേണ്ടതാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

1-ാം വകുപ്പിൽ താഴെക്കാണുന്നത് (3)-ാം ഉപവകുപ്പായി ചേർക്കുക.

"(3) ഇതിനു 1992 മാർച്ചുമാസം 11-ാം ദിവസം മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല".

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇത്തരത്തിൽ ഉണ്ടായിട്ടുള്ളതായ നിയമങ്ങളും എല്ലാം സ്ഥിരം നിയമങ്ങളും ആക്കുന്നത് ശരിയല്ല എന്നാണ് എന്റെ അഭിപ്രായം. ഞാൻ ഈ രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും ഭാവിയിൽ വിശ്വസിക്കുന്നില്ല. ഇന്ന് അല്ലെങ്കിൽ നാളെ ഒരു 'fully developed economy' ഈ രാജ്യത്തിനും ഈ സംസ്ഥാനത്തിനും വരുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇന്നത്തെ 'under developed state' എന്നെന്നും നിലനിൽക്കുമെന്നുള്ളത് ഉണ്ടാകാൻ പാടില്ല. ഇത് ഉണ്ടാകുമ്പോഴാണ് 'Essential Commodities' ബില്ല് വരുന്നത്. വികസനം പൂർത്തിയായിട്ടുള്ളതായ ഒരു രാജ്യത്തിലേത് അങ്ങേയ്ക്ക് ആലോചിക്കാൻ സാധിക്കുമോ. ഇത്തരത്തിലുള്ള 'Essential Commodities Bill' യൂറോപ്യൻ രാജ്യങ്ങളിൽ എവിടെയെങ്കിലും ഇത് കാണുമോ? അമേരിക്കൻ രാജ്യങ്ങളിൽ കാണുമോ? ബുദ്ധിമുട്ടുള്ളതുകൊണ്ട് ഇത്തരത്തിലുള്ള നിയമങ്ങളും ഇവിടെ കൊണ്ടുവന്നിരിക്കുന്നു. പല നിയമവും നമ്മൾ താല്ക്കാലികമായിട്ടാണ് കൊണ്ടുവരാറുള്ളത്. അതു കഴിഞ്ഞിട്ട് ഇങ്ങനെ തുടരെത്തുടരെ കൊണ്ടുപോകും. ഇതുതന്നെ 1961 മുതൽ ഇതുവരെ തുടരെത്തുടരെ താല്ക്കാലിക നിയമമായിട്ട് കൊണ്ടുവന്നിട്ടുള്ളതാണ്. ഇത് സ്റ്റാറ്റ്യൂട്ട് ബുക്കിൽ സ്ഥിരമായിട്ട് പിടിച്ചാൽ പിന്നെ ഇതിനെപ്പറ്റി ആരും നോക്കുകയില്ല. നമ്മുടെ രാജ്യത്ത് ഈ റിപ്പീലിംഗ് പ്രൊവിഷൻ ഉപയോഗിക്കുകയെന്നുള്ളത് വളരെ അസാധാരണമാണ്. ഒരു നിയമം റിപ്പീൽ ചെയ്യാനായിട്ട് ഒരു ബില്ല് ഈ സഭയിൽകൊണ്ടുവന്നിട്ടുണ്ടോ? എനിക്കറിയില്ല. ആ നിലയിൽ ഇതിന് ഒരു സമയപരിധി വയ്ക്കണം. ഞാൻ സമയപരിധി വച്ചിട്ടുള്ളത് 1992 ആണ്. അതുവരെ ഇത് നിലനിൽക്കട്ടെ, അതു കഴിഞ്ഞിട്ട് വേണമെങ്കിൽ നിയമ സഭയിൽ വന്നിട്ട് വീണ്ടും തുടരാം.

വ്യവസായവകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഈ ഭേദഗതിയുടെ ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം.—കാരണം 1962-ൽ കൊണ്ടുവന്നപ്പോൾ നമ്മൾ 5 കൊല്ലം നീട്ടി. വീണ്ടും നമ്മൾ നീട്ടിക്കൊടുത്തു. ഇന്നത്തെ സ്ഥിതി എന്താണ്? പലപ്പോഴും ഗവൺമെന്റിന് പല നിയന്ത്രണങ്ങളും ആവശ്യമായി വരും. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം പല നോട്ടിഫിക്കേഷനും പുറപ്പെടുവിക്കേണ്ടി വരും. നിയമം ആവശ്യമാണെങ്കിൽ ഉപയോഗിച്ചാൽ മതി. ഇത് പ്രധാനമായും ഒരു പ്രതിരോധ നിയമമാണ്. ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ മാത്രമേ ഇത് ഉപയോഗിക്കേണ്ടതുള്ളൂ. ഒരു നിയമം ഉള്ളതുകൊണ്ട് അത് ഉപയോഗിച്ചേ പറ്റൂ എന്നില്ല. എന്നാൽ ആവശ്യമായ ഘട്ടങ്ങളിൽ നിയമം ഇല്ലെങ്കിൽ ഉണ്ടായേക്കാവുന്ന വിഷമതകളും മുൻകൂട്ടി കണക്കിലെടുക്കണം. നമ്മുടെ രാജ്യത്ത് നിലവിലുള്ള നിത്യോപയോഗസാധനങ്ങളുടേയും അവശ്യസാധനങ്ങളുടേയും സ്ഥിതിയിൽ സംസ്ഥാന ഗവൺമെന്റിന് ഇടപെടേണ്ടിവരുന്ന ഒരു ഘട്ടത്തിൽ, അതിനുള്ള അധികാരം നൽകുന്നതിനുള്ള നിയമം ആണ് ഇത്. ആവശ്യമാണെങ്കിൽ ഉപയോഗിക്കുക. അല്ലെങ്കിൽ ഉപയോഗിക്കാതെ ഇരിക്കുക. അല്ലാതെ അതിന് പരിധി നിർണ്ണയിക്കുന്നത് ശരിയല്ല. അതുകൊണ്ട് ഈ ഭേദഗതി ഞാൻ അംഗീകരിക്കുന്നില്ല.

വ്യവസായ വകുപ്പുമന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ശ്രീ. കെ. ചന്ദ്രശേഖരൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഭേഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി ത്തീർന്നു.

പീഠികയും പേരും

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഞാൻ ഭേഗതി അവതരിപ്പിക്കുന്നു.

പീഠികയിലെ രണ്ടാം ഖണ്ഡികയിൽ ''മുപ്പത്തിയാറാം'' എന്ന വാക്കിനുപകരം ''മുപ്പത്തിയേഴാം'' എന്ന വാക്ക് ചേർക്കേണ്ടതാണ്.

വ്യവസായവകുപ്പു മന്ത്രി അവതരിപ്പിച്ച ഭേഗതി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേഗതി ചെയ്ത പ്രകാരമുള്ള പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേഗതി ചെയ്ത പ്രകാരമുള്ള പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

Minister for Industries (**Shri. E. Ahammed**): Sir, I move that the Kerala Essential Articles Control Bill, 1935 as reported by the Subject Committee be finally passed.

Minister for Transport (**Shri. P. K. Velayudhan**): Sir, I second it.

ശ്രീമതി കെ. ആർ. ഗൗരി: ഈ ബില്ല് പാസ്സാക്കണമെന്നുള്ള പ്രമേയത്തെ അനുകൂലിച്ചുകൊണ്ടുതന്നെ, ചില വസ്തുതകൾ ഈ സഭയുടെ മുമ്പിൽ വയ്ക്കുകയാണ്. ഈ നിയമം 1985-ൽ എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് ബാധകമല്ലാത്ത സാധനങ്ങൾക്ക് ബാധകമാക്കത്തക്കവിധത്തിൽ കൊണ്ടുവന്നിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ഈ നിയമം 1961-ൽ വന്ന് 1962-ൽ പാസ്സായിയെന്ന്.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. സി. ജോസഫ്]

1982 വരെ പലപ്പോഴായിട്ട് അത് നീട്ടി. 1982-നുശേഷം ഒരു കാലയളവിൽ ഈ നിയമം ഇല്ലാതെയായി. അതിനുശേഷം 1984-ൽ ഈ നിയമം ഓർഡിനൻസായിട്ട് വന്നു. 1984-ൽ വന്ന ഓർഡിനൻസ് 1961-ൽ വന്നതിനെ ബാധകമാക്കിയിട്ടുള്ളതായിരുന്നു. ഇതുപോലെ ബൃഹത്തായ ഒരു നിയമം നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കുമ്പോഴും മുമ്പ് ഈ നിയമം നടപ്പിലാക്കിയ കാലഘട്ടം മുതൽ ഉള്ള അനേകം ഓർഡറുകളും നോട്ടിഫിക്കേഷനുകളും എല്ലാം പരിശോധിക്കേണ്ടതുണ്ട്. മുമ്പിവിടെ മന്ത്രി കുറെ ഓർഡറുകളെക്കുറിച്ച് പറഞ്ഞു. ഞങ്ങൾക്ക് അതു മുഴുവൻ കളക്ട് ചെയ്യാൻ കഴിഞ്ഞില്ല. ഈ നിയമം കൊണ്ടുവരുന്നത് വ്യവസായ വകുപ്പുമന്ത്രിയാണെങ്കിലും നോട്ടിഫിക്കേഷൻസ് ഇഷ്യൂ ചെയ്യുന്നത് അതാത് വകുപ്പുകളാണ്. ഇലക്ട്രിസിറ്റി ഡ്യൂട്ടിയെക്കുറിച്ച്, ഫോറസ്റ്റിൽനിന്നായിട്ടുള്ള—മുരിക്കോ അല്ലെങ്കിൽ ഫയർവുഡ് മാതിരിയുള്ള സാധനങ്ങളേയോ സംബന്ധിച്ച ഓർഡറുകളുമുണ്ട്. എത്ര ഓർഡറുകൾ ഏതെല്ലാം വിധത്തിലാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ആ നിലയിൽ ഈ നിയമം ചർച്ച ചെയ്യുന്നതിനുവേണ്ടി ഞങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുമ്പോഴും ഈ ഓർഡറിന്റെ കോപ്പികൾ തരേണ്ടതാണ്. എന്നാൽ അത് തന്നിട്ടില്ല. ഇലക്ട്രിസിറ്റി ഡ്യൂട്ടിയുടെ ഒരു ഓർഡർ ഉണ്ടെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നതുകേട്ടു. അതിനെ സംബന്ധിച്ച ഒരു കോപ്പിക്കുവേണ്ടി ശ്രമിച്ചു. അത് ഇഷ്യൂ ചെയ്യുന്ന ഇലക്ട്രിസിറ്റി ഓഫീസിൽ ചെന്നപ്പോഴാ അത് സെക്രട്ടേറിയറ്റിലേയ്ക്ക് മാറ്റിയെന്നു പറഞ്ഞു. ഇത് ഫങ്ഷൻ ചെയ്യിക്കുന്നതാരാണെന്നറിയില്ല. ഒരു നിയമം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങളും സംബന്ധിച്ച ഓർഡറിന്റെ കോപ്പി ഞങ്ങൾക്ക് തരേണ്ടതാണ് ഇലക്ട്രിസിറ്റി ഡ്യൂട്ടിയുടെ ഓർഡർ ഇഷ്യൂ ചെയ്യുന്നതിന്റെ നാലാം വകുപ്പായി ചേർത്തിരിക്കുന്നത് ഞാൻ വായിക്കാം.

Surcharge referred to in clause-3 shall be at the rate of 2.5 Ps. per unit of energy supplied:

Provided that however in respect of electrical energy supplied to the State of Karnataka and the State of Tamil Nadu the surcharge shall be fixed by the Government, separately.

നോട്ടിഫിക്കേഷൻ തരില്ല. നോട്ടിഫിക്കേഷനിൽ എഴുതിയിരിക്കുന്നത്, ഗവൺമെന്റ് സഹകാര്യമായിട്ട് ഫിക്സ് ചെയ്യുന്നുവെന്നാണ്. ഇതുപോലുള്ള ഓർഡറുകളും ധാരാളമുണ്ട്. ഓരോ വകുപ്പുകളും അതാതു വകുപ്പിന്റെ ഉപയോഗത്തിനുവേണ്ടി മറ്റുള്ളവരിൽനിന്ന് മറച്ചുവയ്ക്കാൻ വേണ്ടി ഇതുപോലുള്ള ഓർഡറുകളും ഇഷ്യൂ ചെയ്യും. ഫയർവുഡ്, പ്ലൈവുഡ് എന്നിവ ഇഷ്യൂ ചെയ്യുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങളെക്കുറിച്ച് എടുത്തിട്ടുള്ള ചില ഓർഡറുകളുണ്ട്. ഇതിനുമുമ്പ് നടന്നിട്ടുള്ളത് മുഴുവൻ ലീഗലൈസ് ചെയ്യുന്നതാണ് ഈ വകുപ്പിൽ എഴുതിവച്ചിരിക്കുന്നത്. കഴിഞ്ഞകാലങ്ങളിൽ ഇഷ്യൂ ചെയ്ത ഓർഡറുകളും നോക്കിയാൽ ധാരാളം ലൂപ്ഹോൾസ് ഉണ്ട്. അത് മേശപ്പുറത്തു വയ്ക്കുന്നത് നന്നായിരിക്കും. കാരണം, ഇതിൽ അനേകം ലൂപ് ഹോൾസ് ഉണ്ട്. ഇതിൽ പറഞ്ഞിരിക്കുന്നതെന്താണെന്നോ? Now the Government of India have decided to dis-continue of realisation of excise duty. സർച്ചാർജ് എക്സൈസ് ഡ്യൂട്ടിയിനത്തിൽ സെൻട്രൽ ഗവൺമെന്റ് കൊണ്ടുവന്നതാണ്. അവർ വിത്ഡ്രാ ചെയ്തതുകൊണ്ട് സ്റ്റേറ്റ് ഗവൺമെന്റ് പാസ്സാക്കുന്നുവെന്നാണ്. അതുപോലെ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ഇഷ്യൂ ചെയ്ത കുറെ ഓർഡറുകളുണ്ട്. അവയിൽ ചിലത് എസ്. ആർ. ഒ. 227/85, എസ്.ആർ.ഒ. 228/85 എന്നിവയാണ്. മറ്റു ഡിപ്പാർട്ടുമെന്റുകളും ഓർഡറുകളും ഇഷ്യൂ ചെയ്തിട്ടുണ്ട്. ഇതൊന്നും വേണ്ടെന്നു ഞാൻ പറയുന്നില്ല. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ നിന്ന് ഒരേസമയം പോലീസുകാർക്ക്, സെയിൽസ് ടാക്സ്കാർക്ക്, തഹസീൽദാർക്ക്, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് എന്നിവർക്കാണ് അധികാരം കൊടുത്തിരിക്കുന്നത്. അതായത്, ഇൻസ്പെക്ടർ ലവലിലുള്ള ആളുകൾക്കാണ് അധികാരം കൊടുത്തിരിക്കുന്നത്. ഏതായാലും ഇതിനെ സംബന്ധിച്ച ഓർഡറുകളും മേശപ്പുറത്തു വയ്ക്കണം. നിയമസഭയിൽ പാസ്സാക്കുന്ന നിയമവും അതിനനുബന്ധമായിട്ടുള്ള റൂളുകളും മേശപ്പുറത്തു വച്ച് അവധാനതയോടുകൂടി ചർച്ചചെയ്ത്, എന്തുദ്ദേശത്തോടുകൂടി കൊണ്ടുവരുന്നുവോ അത് നടപ്പിലാക്കാനുള്ള നടപടിക്രമങ്ങളും ഒന്നും ഇതിൽ പാലിച്ചിട്ടില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ബഹുമാനപ്പെട്ട ഗൗരിയമ്മ പറഞ്ഞു, 1962-ൽ ഈ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം ഏതെല്ലാം നോട്ടിഫിക്കേഷനുകളാണ് ഇഷ്യൂ ചെയ്തിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

തെന്ന് അറിയില്ലെന്ന്. എന്നാൽ പിന്നീട് ബഹുമാനപ്പെട്ട ഗൗരിയമ്മ തന്നെ പറഞ്ഞു, ഇവിടെ മൂന്നു നോട്ടിഫിക്കേഷനുകളും വന്നിട്ടുണ്ടെന്ന്. അതുശരിയാണ്. അതെന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. 1977–ൽ Kerala raw cashew nuts–നെ സംബന്ധിച്ച് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റ് ഇഷ്യൂ ചെയ്ത നോട്ടിഫിക്കേഷനുണ്ട്. അത് സുപ്രീം കോടതി റദ്ദാക്കി. അതിനെത്തുടർന്നാണ് മറെറാരു നിയമം ഈ സഭയിൽ അവതരിപ്പിച്ചത്.

രണ്ടാമത്തെ നോട്ടിഫിക്കേഷൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചതാണ്. 20–6–1981–ൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ഒരു നോട്ടിഫിക്കേഷൻ ഇഷ്യു ചെയ്തു. അതിപ്പോഴും നിലവിലുണ്ട്. മറെറാന്ന് 24–10–1984–ൽ വാട്ടർ ആൻറ് പവ്വർ ഡിപ്പാർട്ടുമെൻറ് പുറപ്പെടുവിച്ച ഒരു നോട്ടിഫിക്കേഷനാണ്. ഈ മൂന്നു നോട്ടിഫിക്കേഷനുകളും മാത്രമേ എന്റെ ശ്രദ്ധയിൽ പെട്ടിട്ടുള്ളൂ. ഈ നിയമത്തിൽ എല്ലാവർക്കും സ്വാഗതാർഹമായ 4 (എ) എന്നൊരു പ്രൊവിഷൻകൂടി ചേർത്തിട്ടുണ്ട്. 4(എ) പ്രകാരം ഇത് സംബന്ധിച്ച് വളരെ സീപ്പിംഗായിട്ടുള്ള, നിയമപ്രകാരമുള്ള ഓർഡറുകളും ഈ സഭയുടെ മേശപ്പുറത്തു വയ്ക്കാനാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. നിയമപ്രകാരമുള്ള ഓർഡറുകളും ഈ സഭയുടെ മേശപ്പുറത്തു വയ്ക്കാനാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതുകൊണ്ട് ഏത് ഉത്തരവു വന്നാലും അതിന്റെ നോട്ടിഫിക്കേഷനുകളും ഈ സഭയുടെ മേശപ്പുറത്തുണ്ടായിരിക്കുന്നതാണെന്ന് ഉറപ്പു പറയാം. മറെറാരുകാര്യം എനിക്ക് പറയാനുള്ളത്, ഇന്ന് എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് പ്രകാരം ഒരു സാധനത്തെ എസൻഷ്യൽ ആർട്ടിക്കിളായി പ്രഖ്യാപിക്കാം. നടപടിചട്ടങ്ങളോ നിയമപരമായ നൂലാമാലകളോ സംസ്ഥാന ഗവൺമെൻറിനു യാതൊരു ബുദ്ധിമുട്ടും സൃഷ്ടിക്കുന്നില്ല. സംസ്ഥാന ഗവൺമെൻറ് സ്വന്തമായി ഒരു ആർട്ടിക്കിൾ എസൻഷ്യലാണെന്ന് പ്രഖ്യാപിക്കാവുന്നതാണ്. അങ്ങനെ പ്രഖ്യാപിച്ചാൽ അതിനെ സംബന്ധിച്ച് ജനപ്രതിനിധികൾക്ക് അഭിപ്രായം പറയാനുള്ള അവസരവും നൽകിയിട്ടുണ്ട്. ഈ സ്വാഗതാർഹമായ ബില്ല് പാസ്സാക്കിത്തരണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

1985–ലെ അവശ്യസാധന നിയന്ത്രണ ബിൽ പാസ്സാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

1985–ലെ അവശ്യസാധന നിയന്ത്രണബിൽ പാസ്സായി.

(3) 1986–ലെ കേരള ഗ്രന്ഥശാലാ സംഘം (ഭരണനിർവ്വഹണം ഏറെടുക്കൽ) ഭേദഗതി ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1986–ലെ കേരള ഗ്രന്ഥശാലാസംഘം (ഭരണനിർവ്വഹണം ഏറെടുക്കൽ) ഭേദഗതി ബിൽ പരിഗണനയ്ക്ക്. എടുക്കണമെന്ന പ്രമേയം ഞാനവതരിപ്പിക്കുന്നു.

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, എനിക്ക് ഇതിനകത്ത് പ്രത്യേകമായി ഒന്നും പറയാനില്ല. സബ്ജക്ട് കമ്മിറ്റിക്ക് പോയ അവസരത്തിൽ പത്തു വർഷമെന്നുള്ളത് പതിനൊന്നു വർഷമാക്കി മാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly